# ANNE'S Digest

FEBRUARY
2026





## ST. ANNE'S CHURCH

WEST FORT, THRISSUR - 680 004





## സെന്റ് ആൻസ്
## ഇടവകയിലേക്ക് സ്വാഗതം



ബഹു. റവ.ഫാ. **ജോർജ്ജ് എടക്കളത്തൂർ**
(വികാരി)





ബഹു. ഫാ. **മേജോ മുത്തുപീടിക**
(സഹവികാരി)

# സെന്റ് ആൻസ് ചർച്ച്, തൃശൂർ

തൃശൂർ – 680 004

**Vicar Personal Mob : 9495631820**
**Church Off: 8281832244**

web site:stanneschurchthrissur.com
e-mail : st.annesparishtcr@gmail.com
facebook : stannesparishtcr




## പത്രാധിപസമിതി & മീഡിയ


വാല്യം: 37 | ലക്കം: 2


- **ചീഫ് എഡിറ്റർ**
  റവ.ഫാ. **ലിജോ ചിറ്റിലപ്പിള്ളി** 9495631820
- **എക്സി. എഡിറ്റർ**
  പോളി ആഗസ്റ്റിൻ കൂള 9446356857
- **സെക്രട്ടറി**
  ബിജി സജു 9947024137
- **ട്രഷറർ**
  ഫ്രാൻസി ആന്റണി 9447918438

**ബോർഡ് അംഗങ്ങൾ**

| | |
|---|---|
| ഫ്രാൻസീസ് ചക്കാലയ്ക്കൽ | 9074923401 |
| ബിജു ആലപ്പാട്ട് | 9847069639 |
| ജോളി കുര്യാക്കോസ് | 7293103400 |
| അനിറ്റ ജോസ് | 9400887792 |
| സോളമൻ ബ്രഹ്മകുളം | 9995402660 |
| നോബിൾ പാട്രിക് | 8907139955 |
| ഏബൽ ജോൺസ് | 9633143329 |
| ഗോഡ്വിൻ കൊക്കൻ | 8589097102 |
| ഗോഡ്വിൻ ജോർജ്ജ് | 7560824631 |
| അബിൻ ബിജു | 9895776005 |
| സാന്റോ ചിറ്റിലപ്പിള്ളി | 9072345165 |
| ആന്റണി തെക്കേക്കര | 9567222291 |

- **കൈക്കാരന്മാർ**

| | |
|---|---|
| ഫ്രാൻസീസ് പെരുമാട്ടിൽ | 9447746232 |
| രാജു കുരിയാക്കോസ് | 9447185043 |
| ബിജു കോമ്പാറക്കാരൻ | 9846565006 |
| സിജോ ജോസ് കള്ളിക്കാടൻ | 7012832595 |

## ഉള്ളടക്കം


എഡിറ്റോറിയൽ
ഓർമ്മിക്കേണ്ട വിശേഷപ്പെട്ട ദിവസങ്ങൾ
ഇടയശബ്ദം
പ്രതിനിധിയോഗത്തീരുമാനങ്ങൾ
ഫ്രാൻസീസ് പാപ്പയുടെ ചിന്തകൾ
പിതൃവേദി
മതൃവേദി
യുവജനവേദി
ബാലവേദി
വടക്കുനോക്കിയന്ത്രം വീണ്ടും
കുടുംബകൂട്ടായ്മ വാർത്തകൾ
വാഴ്ത്തപ്പെട്ട ചാവറയച്ചൻ (ചിത്രകഥ)
ബൈബിൾ ക്വിസ് സീനിയർ
ബൈബിൾ ക്വിസ് ജൂനിയർ
കളറിങ്ങ് മത്സരം
അനുദിന ബൈബിൾ വായന


- **ദൈവാലയ ശുശ്രൂഷി**
  കെ.പി. വർഗ്ഗീസ് 9495462449
- **ക്ലർക്ക്**
  ചാക്കോ തെക്കിനിയത്ത് 9895105564
  ഫ്രാൻസിസ് തരൂക്കര 8281832244

# EDITORIAL

## സ്നേഹത്തിന്റെ നോമ്പുകാലം: വിശുദ്ധിയിലേക്കൊരു തീർത്ഥയാത്ര

ഫെബ്രുവരി മാസം പ്രകൃതിയിലും മനസ്സിലും മാറ്റങ്ങളുടെ കാലമാണ്. വസന്തത്തിന്റെ വരവറിയിച്ച് വാലന്റൈൻസ് ഡേയും, ആത്മീയമായ നവീകരണത്തിന്റെ പാതയൊരുക്കി വലിയ നോമ്പും, രോഗികൾക്ക് ആശ്വാസമേകി ലൂർദ് മാതാവിന്റെ തിരുനാളും ഈ മാസത്തെ ധന്യമാക്കുന്നു. പുറമെ കാണുന്ന ആഘോഷങ്ങൾക്കപ്പുറം, ഈ മൂന്ന് കാര്യങ്ങളും വിരൽ ചൂണ്ടുന്നത് ഒരേയൊരു സത്യത്തിലേക്കാണ്: യഥാർത്ഥമായ സ്നേഹം.

**സ്നേഹം അർപ്പണമാണ്**

ഫെബ്രുവരി 14-ന്റെ വാലന്റൈൻസ് ഡേ ഇന്ന് വെറുമൊരു ഉപഭോഗ സംസ്കാരത്തിന്റെ ഭാഗമായി മാറിയിട്ടുണ്ടാകാം. എന്നാൽ സ്നേഹം എന്നത് വെറും വികാരമല്ല, മറിച്ച് മറ്റുള്ളവർക്കായി സ്വയം സമർപ്പിക്കലാണെന്ന് ക്രിസ്തീയ ദർശനം നമ്മെ പഠിപ്പിക്കുന്നു. 'സ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല' എന്ന ക്രിസ്തുമൊഴിയാണ് യഥാർത്ഥ സ്നേഹത്തിന്റെ അടിസ്ഥാനം. സ്വാർത്ഥതയില്ലാത്ത ആ സ്നേഹം നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും പടരട്ടെ.

**മാതൃവാത്സല്യത്തിന്റെ തണൽ**

ഫെബ്രുവരി 11-ന് നാം ലൂർദ് മാതാവിന്റെ തിരുനാൾ ആഘോഷിക്കുമ്പോൾ, പരിശുദ്ധ അമ്മയുടെ സ്നേഹത്തെയാണ് നാം വണങ്ങുന്നത്. ലോകത്തിന്റെ നാനാഭാഗത്തുമുള്ള രോഗികൾക്കും ആലംബഹീനർക്കും പ്രത്യാശയുടെ ഉറവിടമാണ് ലൂർദ്. രോഗാവസ്ഥയിലും തളരാതെ, മാതാവിന്റെ മാധ്യസ്ഥത്തിലൂടെ ദൈവത്തിന്റെ കരുണയിൽ വിശ്വസിക്കാൻ ഈ ദിനം നമ്മെ ഓർമ്മിപ്പിക്കുന്നു. ശാരീരികമായ സൗഖ്യത്തേക്കാളുപരി ആത്മീയമായ ശുദ്ധീകരണമാണ് ലൂർദ് നമുക്ക് നൽകുന്ന സന്ദേശം.

**നോമ്പ്: പ്രായശ്ചിത്തത്തിന്റെ നാളുകൾ**

ഈ മാസമാണ് നമ്മെ വലിയ നോമ്പിന്റെ (Great Lent) ചാരനിറമുള്ള ഓർമ്മകളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നത്. നോമ്പ് എന്നത് കേവലം

പ്രിയമുള്ള ഭക്ഷണമുപേക്ഷിക്കൽ മാത്രമല്ല, മറിച്ച് ദുശ്ശീലങ്ങൾ വെടിയാനും പാപം ഉപേക്ഷിക്കാനും ദൈവത്തിലേക്ക് മടങ്ങാനുമുള്ള ഒരുക്കമാണ്. കുരിശിലെ സ്നേഹയാഗത്തിന് സാക്ഷിയാകാൻ നാം നമ്മെത്തന്നെ ഒരുക്കേണ്ട നാളുകൾ. പരിത്യാഗത്തിലൂടെയും പ്രാർത്ഥനയിലൂടെയും ഹൃദയത്തെ നവീകരിക്കാൻ ഈ നോമ്പുകാലം ഉപകരിക്കട്ടെ.

സ്നേഹത്തിന്റെ ഈ മാസത്തിൽ, ക്രിസ്തു കാണിച്ചുതന്ന ആ വലിയ സ്നേഹം ഉൾക്കൊള്ളാനും പരിമിതകളിൽ നിന്ന് പരിധികളില്ലാത്ത ദൈവസ്നേഹത്തിലേക്ക് വളരാനും നമുക്ക് സാധിക്കട്ടെ. ഏവർക്കും അനുഗ്രഹീതമായ ഒരു ഫെബ്രുവരി മാസവും ഫലദായകമായ നോമ്പുകാലവും ആശംസിക്കുന്നു.

പത്രാധിപസമിതി

---

## ഫെബ്രുവരി 2026 ഓർമ്മിക്കേണ്ട വിശേഷപ്പെട്ട ദിവസങ്ങൾ

| | | |
|---|---|---|
| 1 | ഞായർ | |
| 2 | തിങ്കൾ | : നമ്മുടെ കർത്താവിന്റെ ദേവാലയപ്രവേശനം. പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണത്തിരുനാൾ |
| 4 | ബുധൻ | : വി. ജോൺ ബ്രിട്ടോ |
| 5 | വ്യാഴം | : വീടുകളിലെ കിടപ്പുരോഗികൾക്ക് വി. കുർബാന നൽകുന്നു. |
| 6. | വെള്ളി | : ആദ്യവെള്ളി – പ്രത്യേക തിരുകർമ്മങ്ങൾ അന്നപാത, നേർച്ച കഞ്ഞി, ആരാധന മുതലായ ഉണ്ടായിരിക്കും |
| 8 | ഞായർ | : ഗ്രീക്ക് സഭാപിതാക്കന്മാർ |
| 11 | ബുധൻ | : ലൂർദ്ദ് മാതാവ്, രോഗീദിനം |
| 13 | വെള്ളി | : വെള്ളി തിരുകർമ്മങ്ങൾ |
| 15 | ഞായർ | : നോമ്പ് ഒന്നാം ഞായർ (ഇന്ന് പാതിരാമുതൽ നോമ്പാരംഭം, നാളെ ഉപവാസ ദിനം) |
| 16 | തിങ്കൾ | : നോമ്പാരംഭം – ഉപവാസദിനം, വിഭൂതി. |
| 20 | വെള്ളി | : വെള്ളി തിരുകർമ്മങ്ങൾ |
| 23 | തിങ്കൾ | : വിശുദ്ധ പോളിക്കാർപ്പ് |
| 25 | ബുധൻ | : വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയ |
| 27 | വെള്ളി | : വെള്ളി തിരുകർമ്മങ്ങൾ |



# ഇടയശബ്ദം

സ്നേഹമുള്ളവരെ, നമ്മുടെ തൃശൂർ വെസ്റ്റ് ഫോർട്ട് സെന്റ് ആൻസ് ദൈവാലയം തൃശൂർ നഗരത്തിന്റെ ഹൃദയഭാഗത്ത് തല ഉയർത്തി നിൽക്കുന്ന 117 വർഷത്തെ വിശ്വാസ പാരമ്പര്യമുള്ള പ്രസിദ്ധമായ ദൈവാലയമാണ്. പുണ്യാർഹനായ ബഹു. ജോൺ കിഴക്കൂടനച്ചനും മാർ ജോസഫ് കുണ്ടുകുളം പിതാവും മാർ ആൻഡ്രൂസ് താഴത്ത് പിതാവും ഒക്കെ ഇടയന്മാരായി നയിച്ച നല്ലൊരു ദൈവജനത്തിന്റെ പുണ്യ ദൈവാലയം. വിവാഹതടസ്സമുള്ളവരും മക്കളില്ലാത്തവരും യാത്രാ തടസങ്ങളുള്ളവരുമായ പതിനായിരങ്ങൾ ഓരോ വർഷവും അനുഗ്രഹം തേടിയെത്തുന്ന പുണ്യസ്ഥലം. അനുഗ്രഹമായി അൽഭുതവും പേറി മടങ്ങി പോകുന്നവരുടെ തീർത്ഥാടന കേന്ദ്രമാണീ ദൈവാലയം. ഇടവക ജനത്തെ സംബന്ധിച്ചാണെങ്കിൽ പരസ്പരസ്നേഹവും കൂട്ടായ്മയും ഐക്യവും വിശ്വാസവും സാക്ഷ്യവും പരസ്പര ബഹുമാനവും സഭാധികാരികളോട് ആദരവും ബഹുമാനവും അനുസരണയും ഉള്ള പരസ്പര പങ്കാളിത്തവും പങ്കുവെയ്പ്പും എല്ലാം ഒത്തുചേർന്ന നല്ലൊരു മാതൃകാ ഇടവക സമൂഹവും. തുടർന്നും ഇനിയും എന്നും എക്കാലവും തൃശൂർ സെന്റ് ആൻസ് ഇടവക തൃശൂർ അതിരൂപതയിലെ തന്നെ മാതൃകാ ഇടവകയായി തുടരട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു, ആശംസിക്കുന്ന ഒരു ദൈവാലയം ദൈവം വസിക്കുന്ന ഇടമാണെന്നും ബലിയർപ്പണവും കൂദാശാപരികർമ്മങ്ങളും പ്രാർത്ഥനകൾ അർപ്പിക്കുന്ന ഇടവുമാണ് ആത്യന്തികമായി എന്നുള്ള ശരിയായ അവബോധം നമുക്ക് ഒരിക്കലും നഷ്ടമാകരുത്. ദൈവവിശ്വാസമോ ദൈവവിചാരമോ ദൈവഭയമോ സഭാത്മക ചിന്തയോ സദാചാര ബോദ്ധ്യമോ ഇല്ലാത്ത, സഭാധികാരികളെ ധിക്കരിക്കുന്ന സഭയുടെ നാശം മാത്രം ആഗ്രഹിക്കുന്ന, അതിനായി ചിദ്രശക്തികളോട് അറിഞ്ഞും അറിയാതെയും കൂട്ടുകൂടി നമ്മുടെ ഇടവകയുടെ കെട്ടുറപ്പിനെ തകർത്ത് തരിപ്പണമാക്കുന്ന, സെന്റ് ആൻസിന്റെ സൽപേരിനെ, പ്രശസ്തിയെ മോശമാക്കുന്ന വിരലിൽ എണ്ണാവുന്ന സഭാവിരുദ്ധരു

ടെ ഗൂഢതന്ത്രങ്ങളിലും അധികാരമോഹങ്ങളിലും രാഷ്ട്രീയ കളികളിലും അന്ത:ചിദ്ര പ്രലോഭനങ്ങളിലും പെട്ട് നശിക്കേണ്ട, തകർക്കപ്പെടേണ്ട പുണ്യ സ്ഥലമാകുവാൻ നമ്മുടെ ഇടവക ദൈവാലയത്തെ നമ്മൾ വിട്ടുകൊടുക്കരുത്. അനുവദിക്കരുത്. ഇത്തരക്കാർ ആട്ടിൻ തോലിട്ട കപടനാട്യക്കാരാണ്. എന്തി ന്റെ പേരു പറഞ്ഞാണെങ്കിലും അവരുടെ കെണികളിൽ അകപെടാതെ അവരെ നാം ചെറുത്തുതോൽപ്പിക്കേണ്ടതുണ്ട്. ഇത്തരക്കാരെ തുരു ത്തേണ്ടത്, ഒറ്റപ്പെടുത്തേണ്ടത് ഇടവകയുടെ നന്മയ്ക്കു തന്നെ അനിവാര്യ മാണ്. രണ്ട് മാസക്കാലം വീണ്ടും ഇവിടെ സേവനത്തിന് ഞാൻ വന്നപ്പോൾ നിങ്ങൾ എനിക്ക് നൽകിയ വലിയ സ്നേഹത്തിനും സഹകരണത്തിനും പിന്തുണയ്ക്കും ബഹുമാനത്തിനും ആദരവിനും നന്ദി. പുതിയതായി വരുന്ന വികാരിയച്ചനേയും കൊച്ചച്ചനേയും ആദരിച്ചും സ്നേഹിച്ചും ഐക്യപ്പെട്ടും അനുസരിച്ചും സഹായിച്ചും സഹകരിച്ചും മുന്നോട്ടു പോകുവാൻ നിങ്ങൾക്ക് സാധിക്കട്ടെ

നന്ദിയോടെ നിങ്ങളുടെ
സ്വന്തം **ലിജോ ചിറ്റിലപ്പിള്ളി അച്ചൻ**

---

| ആൻസ് ഡൈജസ്റ്റ് പരസ്യനിരക്ക് (ജനുവരി 2018 മുതൽ) | | | |
|---|---|---|---|
| **പേജ്** | **ഒരു തവണ** | **6 മാസം** | **ഒരു വർഷം** |
| **പിൻ കവർ (കളർ)** | **2500** | | |
| **ഉൾകവർ (കളർ)**<br>**Front in & Back in** | **2000** | | |
| **ഉൾപേജ് (കളർ)** | **1500** | | |
| **ഹാഫ് പേജ് (കളർ)** | **800** | | |
| **ഫുൾ പേജ് (B&W)** | **900** | | |
| **ഹാഫ് പേജ് (B&W)** | **500** | | |
| **ക്വാർട്ടർ പേജ് (B&W)** | **300** | | |
| **സെന്റർ പേജ് (കളർ)** | **3500** | | |

# 11.01.2026 ന് കൂടിയ 2/10-ാമത് പ്രതിനിധിയോഗ തീരുമാനങ്ങൾ

1. ഇടവകയുടെ നടത്തുകൈക്കാരന്മാർ 3 മാസം കൂടുമ്പോൾ സ്ഥാനം മാറുന്ന സമയത്ത് പള്ളി ലോക്കറിൽ സൂക്ഷിച്ചിട്ടുള്ള സ്വർണ്ണം വികാരിയച്ചന്റെ സാന്നിധ്യത്തിൽ നോക്കി തിട്ടപ്പെടുത്തണമെന്നും എല്ലാ പ്രതിനിധിയോഗത്തിലും ഇടവകയുടെ വരവ്-ചിലവ് കണക്കുകളുടെയും എഫ്.ഡി.കളുടെയും കണക്കിനോടൊപ്പം സാമ്പത്തിക അവലോകനത്തോടൊപ്പം സ്വർണ്ണത്തിന്റെ കണക്കും ഇന്റേണൽ ഓഡിറ്റേഴ്സ് പരിശോധിച്ച് ഉറപ്പ് വരുത്തി യോഗത്തിൽ അവതരിപ്പിക്കണമെന്ന് തീരുമാനിച്ചു.

2. പള്ളിയുടെ ജനറേറ്റർ തകരാർ പരിഹരിക്കാൻ ലഭിച്ച ക്വട്ടേഷൻ അനുസരിച്ച് റിപ്പയർ നടത്താൻ തീരുമാനിച്ചു.

4. പള്ളിയുടെ പെയിന്റ് പണിയ്ക്കായുള്ള ക്വട്ടേഷൻ യോഗത്തിൽ അവതരിപ്പിച്ചു. എന്നാൽ വൈദികമന്ദിരം പണി അടിയന്തിരമായി നടത്തേണ്ടതുമൂലവും വൈദികമന്ദിരത്തിന് നിർമ്മാണത്തിനായി മാറ്റിവെച്ച തുക വേഗം തന്നെ ഉപയോഗിക്കേണ്ടതുമൂലവും ഇപ്പോൾ പെയിന്റ് പണി വിപുലമായി നടത്തേണ്ടതില്ലെന്നും വൈദീക മന്ദിരനിർമ്മാണത്തോടൊപ്പം നടത്താമെന്നും തീരുമാനിച്ചു. മതിൽ ഗേറ്റ് രൂപം തുടങ്ങിയവ മാത്രം പെയിന്റ് ചെയ്യാൻ തീരുമാനിച്ചു.

5. സിമിത്തേരി, പള്ളിമുറ്റം തിരുനാളിന് മുൻപ് പുല്ല് ചെത്തി വൃത്തിയാക്കാൻ തീരുമാനിച്ചു.

6. പള്ളി പാരിഷ് ഹാൾ വാടകയ്ക്ക് എടുത്ത സെന്റ് ആൻസ് സ്കൂൾ ടീച്ചർമാർക്ക് യാത്രയയപ്പ് യോഗത്തിന് ഇടവകാംഗം എന്ന നിരക്കിൽ വാടക ഈടാക്കിയാൽ മതിയെന്ന് തീരുമാനിച്ചു.

7. ആൻസ് മീഡിയ കമ്മറ്റി പുതുക്കാൻ തീരുമാനിച്ചു. ഇടവക വികാരി, കൈക്കാരന്മാർ, പി.ആർ.ഒ, ഇടവക ബുള്ളറ്റിൻ കമ്മറ്റി, യുവജനങ്ങളായ ഏബൽ ജോൺസ്, ഗോഡ്‌വിൻ കൊക്കൻ, ഗോഡ്‌വിൻ ജോർജ്ജ്, അബിൻ ബിജു, സാന്റോ ചിറ്റിലപ്പിള്ളി, ആന്റണി തെക്കേക്കര എന്നിവരെ ഉൾപ്പെടുത്തി കമ്മറ്റി വിപുലമാക്കാൻ തീരുമാനിച്ചു.

8. പള്ളിയുടെ സിമിത്തേരിയിലെ മതിലിലെ സെല്ലുകൾ അനുവദിച്ചിട്ടുള്ളവർക്ക് സെല്ലുകൾക്ക് ഉള്ളിൽ മാത്രമേ മാർബിൾ/ഫലകം സ്ഥാപിക്കാവൂ എന്ന മുൻനിശ്ചയം കൃത്യമായി പാലിക്കുവാൻ യോഗം തീരുമാനിച്ചു. ഏതെങ്കിലും സെല്ലുകൾ ഈ നിർദ്ദേശത്തിന് വിരുദ്ധമായി ചെയ്തിട്ടുണ്ടെങ്കിൽ അവ സെല്ലുകളുടെ അളവിലേക്ക് മാറ്റുവാൻ നിർദ്ദേശിക്കുകയും അത് ചെയ്യാതെ വന്നാൽ പള്ളി ചിലവിൽ അത് ശരിയാക്കുകയും ആ ചിലവ് പ്രസ്തുത വ്യക്തികളിൽ നിന്ന് ഈടാക്കുകയും ചെയ്യേണ്ടതാണെന്ന് തീരുമാനിച്ചു.

9. പള്ളിയുടെ പി.ആർ.ഒ. ശ്രീ. പോളി അഗസ്റ്റിന്റെ പേര് അതിരൂപതയിലേക്ക് ഇടവക പി.ആർ.ഒ. ആയി അയച്ചുനൽകാൻ യോഗം തീരുമാനിച്ചു.

10. ഹാളിന്റേയും കല്ലറയുടേയും ഉപയോഗം സംബന്ധിച്ച്നിബന്ധനകൾ ഇടവകക്കാർക്കും മറ്റുള്ളവർക്കും മനസ്സിലാകുവാനായിട്ട് നിബന്ധനകൾ പാരിഷ് ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു.



# ഫ്രാൻസീസ് പാപ്പയുടെ ചിന്തകൾ

# പിശാച് ഉണ്ട്, അന്നും ഇന്നും

പിശാച് ഇല്ല എന്നു വാദിക്കുന്നവർക്കു മാർപാപ്പയുടെ മറുപടിയാണ് ഈ പള്ളിപ്രസംഗം: നുണകളുടെ തമ്പുരാനെതിരെയുള്ള അങ്കത്തെക്കുറിച്ചു ചിന്തിക്കാം. യേശുവിന്റെ ജീവിതം ഒരു പോരാട്ടമായിരുന്നു: നുണകളുടെ പിതാവായ പിശാചിനെതിരെയുള്ള അങ്കം. തിന്മയെ കീഴടക്കാനാണു യേശു വന്നത്. ലോകത്തിന്റെ ഇളയതമ്പുരാൻ എന്നറിയപ്പെടുന്ന പിശാചിനെ കീഴടക്കാനുള്ള യുദ്ധത്തിനു നേതൃത്വം കൊടുക്കാൻ ഒടേതമ്പുരാൻ വന്നു...

**മലയാള പരിഭാഷകൻ.**

സാത്താനെതിരെയുള്ള ക്രൈസ്തവ യുദ്ധം. ഇന്നത്തെ ലോകത്തു പിശാച് ഉണ്ട്. ഇരുപത്തൊന്നാം ശതകത്തിലും പിശാചുണ്ട്. അവനെതിരെയുള്ള യുദ്ധതന്ത്രം നാം സുവിശേഷങ്ങളിൽനിന്നു പഠിക്കണം. അവനെ നാം നിസ്സാരമായി കാണരുത്. നമ്മെ കെണിയിലകപ്പെടുത്താനുള്ള അവന്റെ തന്ത്രങ്ങളെക്കുറിച്ചു നാം അറിഞ്ഞിരിക്കണം. കാരണം, ഭൂതകാലത്തെ ഒരു പ്രതിഭാസമല്ല പിശാച്. ആരാധനാക്രമത്തിലെ വേദവായന കളെക്കുറിച്ചു ധ്യാനിക്കുമ്പോൾ നമുക്കെടുക്കാവുന്ന ചില നിഗമനങ്ങളാണ് ഇവ.

നുണകളുടെ തമ്പുരാനെതിരെയുള്ള അങ്കത്തെക്കുറിച്ചു ചിന്തിക്കാം യേശുവിന്റെ ജീവിതം ഒരു പോരാട്ടമായിരുന്നു: നുണകളുടെ പിതാവായ പിശാചിനെതിരെയുള്ള അങ്കം. തിന്മയെ കീഴടക്കാനാണു യേശു വന്നത്. ലോകത്തിന്റെ ഇളയതമ്പുരാൻ (Prince of the world) എന്നറിയപ്പെടുന്ന പിശാചിനെ കീഴടക്കാനുള്ള യുദ്ധത്തിനു നേതൃത്വം കൊടുക്കാൻ. തന്നെ പല തവണ പ്രലോഭിപ്പിച്ച പിശാചിനെതിരെയുള്ള പോരാട്ടം. തന്റെ ഭൗമിക ജീവിത കാലത്തു പ്രലോഭന-പരീക്ഷണങ്ങളും പീഡനങ്ങളും അവൻ നേരിട്ടു. മാമ്മോദീസയിലൂടെ കർത്താവിന്റെ പാതയിൽ സഞ്ചരിക്കാൻ തീരുമാനിച്ച നമ്മൾ ഈ സത്യം തിരിച്ചറിയേണ്ടതുണ്ട്, ആ പോരാട്ടം തുടരേണ്ടതുണ്ട്. നമ്മളും പരീക്ഷിക്കപ്പെടുന്നു. പിശാചിന്റെ ആക്രമണത്തിന്റെ ഇരകളാണു നാം. നാം പരിശുദ്ധരായിരിക്കുന്നതു പിശാചിന് ഇഷ്ടമല്ല. നാം ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നതു പിശാചിനു സഹിക്കുന്നില്ല. നാം ക്രിസ്തുവിന്റെ ശിഷ്യന്മാരായിരിക്കുന്നതു പിശാചിനെ വിറളി പിടിപ്പിക്കുന്നു.

യേശുവിന്റെ പാതയിൽ സഞ്ചരിക്കുന്ന നമ്മിൽനിന്നു പിശാചു പ്രലോഭനത്തിലൂടെ കവർന്നെടുക്കാൻ ശ്രമിക്കുന്നത് എന്താണ്? പിശാചിന്റെ പ്രലോഭനങ്ങൾക്കു മൂന്നു വിശേഷ ലക്ഷണങ്ങളുണ്ട്. അവ തിരിച്ചറിഞ്ഞാലേ അവന്റെ കെണിയിൽ നാം വീഴാതിരിക്കുകയുള്ളൂ.

ആദ്യത്തേത്: എളുപ്പം പിടികൊടുക്കാത്തതും സൂക്ഷ്മവുമായ വൈദഗ്ദ്ധ്യത്തോടെയാണു (subtly) പ്രലോഭനം ആരംഭിക്കുക. പിന്നെ അതു വളരുന്നു. പിന്നെ വളർന്നു ശക്തിപ്രാപിക്കുന്നു. പിന്നീട് അണുബാധ പോലെ അതു മറ്റൊരാളിലേക്കു പകരുന്നു... പിന്നെ പകർച്ചവ്യാധിപോലെ വേറെ ആളുകളിലേക്കു വ്യാപിക്കുന്നു... അങ്ങനെ സമുദായത്തിൽ വേരു പിടിക്കുന്നു. അവസാനം, ആത്മാവിനെ ശാന്തമാക്കാൻവേണ്ടി അതു സ്വയം നീതിമ ത്കരിക്കുന്നു. ചുരുക്കത്തിൽ, അതു വളരുന്നു, പരക്കുന്നു, സ്വയം ന്യായവത്കരിക്കുന്നു.

മരുഭൂമിയിൽ യേശു നേരിട്ട പ്രലോഭന-പരീക്ഷണങ്ങളിൽ ഈ സഹജ ഗുണം പ്രത്യക്ഷമായിരുന്നു. ഒരുതരം വശീകരണംപോലെയാണ് ആ പ്രലോഭനങ്ങൾ കാണപ്പെടുന്നത്. പിശാചു സാവകാശം പ്രലോഭനത്തിനു തുടക്കമിട്ടുകൊണ്ടു യേശുവിനോടു പറയുന്നു: എന്തുകൊണ്ടു നിനക്ക് ഇതു ചെയ്തുകൂടാ? ദൈവാലയ മുകളിൽനിന്നു ചാടുക. മുപ്പതു വർഷം: ലാഭിക്കാമല്ലോ! ഒറ്റ ദിവസംകൊണ്ടു എല്ലാവരും നിന്നെ നോക്കി പറയും: ഇതാ, മിശിഹായെ കണ്ടാലും! ആദാമിനോടും ഹവ്വയോടും പിശാച് ഉപയോഗിച്ച ഉപായംതന്നെയാണിത്. പിശാച് അവരോടു പറഞ്ഞു: ഈ ആപ്പിൾ രുചിക്കൂ. ഇതു നല്ലതാണ്. ഇതു നിങ്ങളെ ജ്ഞാനികളാക്കും, വശീകരണത്തിന്റെ തന്ത്രമാണു പിശാചു പ്രയോഗിക്കുന്നത്.

രണ്ടാമത്തേത്: പ്രലോഭനത്തെ നിരാകരിച്ചാൽ അതു വളരുകയും കൂടുതൽ ശക്തിയോടെ തിരിച്ചെത്തുകയും ചെയ്യും. ലൂക്കായുടെ സുവിശേഷത്തിൽ ഒരു സൂചനയുണ്ട്. പിശാചിനെ നിരാകരിച്ചപ്പോൾ, അതു പോവുകയും കൂടുതൽ കൂട്ടുകാരെയുംകൊണ്ട് - കൂടുതൽ അപകടകാരികളായ ഏഴു പിശാചുക്കൾ - ഒരു സൈന്യമായി തിരിച്ചെത്തുകയും ചെയ്യുന്നു. ഇന്നത്തെ സുവിശേഷ വായനയിലും നാമതു കാണുന്നു. പിശാചു യേശുവിന്റെ എതിരാളികളെ തന്റെ സൈന്യത്തിൽ ചേർക്കുന്നു. അവരാകട്ടെ യേശുവിനെ കൊല്ലാനായി കല്ലുകളെടുക്കുന്നു. മറ്റുള്ളവരിലേക്കു പടർന്നു വലിയ ശക്തിയാകാനുള്ള പ്രലോഭനത്തിന്റെ കഴിവാണു നാമിവിടെ കാണുന്നത്.

പ്രലോഭനങ്ങളുടെ മൂന്നാമത്തെ സഹജഗുണം: സ്വയം നീതിമത്കരിക്കുന്നു. താൻ വളർന്ന സ്ഥലമായ നസ്രത്തിൽ തിരിച്ചെത്തിയപ്പോൾ യേശു സിനഗോഗിൽ പോയി. യേശുവിന്റെ പ്രഘോഷണം കേട്ടപ്പോൾ സിന ഗോഗിൽ ഉണ്ടായിരുന്നവരുടെ പ്രതികരണം നോക്കുക. ആദ്യം അവർ അവന്റെ വാക്കുകളുടെ ശക്തിയിൽ ആകൃഷ്ടരായി. പക്ഷേ, ഉടനെ പ്രലോഭനം ഉടലെടുത്തു: തച്ചനായ ജോസഫിന്റെ മകനല്ലേ ഇവൻ? മറിയമല്ലേ ഇവന്റെ അമ്മ? സർവ്വകലാശാലയിൽ പോയി പഠിക്കാത്ത ഇവനു നമ്മെ പഠിപ്പിക്കാനുള്ള അധികാരമെന്ത്? യേശുവിനെ മലയുടെ മുകളിൽനിന്നു താഴേക്കു തള്ളിയിട്ടു കൊല്ലാനുള്ള തങ്ങളുടെ പദ്ധതിയെ അവർ ന്യായത്കരിക്കുകയാണ്.

ഇന്നത്തെ സുവിശേഷ വായനയിലും നാം കാണുന്നു യേശുവുമായി തർക്കിക്കാൻ വന്നവർ അവനെ കൊല്ലാൻ ആഗ്രഹിച്ചു. യേശുവിനോടു സംസാരിക്കുമ്പോൾപോലും അവരുടെ കയ്യിൽ കല്ലുകളുണ്ട്. പ്രലോഭനം എല്ലാവരെയും

യേശുവിന് എതിരാക്കി, എല്ലാവരും സ്വയം നീതിമത്കരിക്കാൻ നോക്കുകയും ചെയ്യുന്നു. ഈ സ്വയം ന്യായവത്കരണത്തിന്റെ അത്യുച്ചി മഹാപുരോഹിതന്റെ പ്രസ്താവത്തിൽ കാണാം: മതി! നിങ്ങൾക്കു യാതൊന്നും അറിഞ്ഞുകൂടാ! ജനങ്ങൾക്കുവേണ്ടി ഒരാൾ മരിക്കുന്നതു നല്ലതാണെന്നു നിങ്ങൾ ഗ്രഹിക്കുന്നുമില്ല! ജനത്തെ രക്ഷിക്കാൻ അവൻ മരിക്കണം! എല്ലാവരും അതംഗീകരിച്ചു: അങ്ങനെ സമ്പൂർണ്ണ നീതിമത്കരണമായി!

നാം പ്രലോഭിപ്പിക്കപ്പെടുമ്പോൾ ഇതേ പാതയിലൂടെയാണു കീഴ്പോട്ടു നടക്കുന്നത്. നാം പ്രലോഭിതരാകുന്നു. പിന്നെ അതു വളരുകയും മറ്റുള്ളവരിലേക്കു പടരുകയും ചെയ്യുന്നു. ഉദാഹരണമായി പരദൂഷണം. നമുക്ക് ഒരാളോട് അല്പം അസൂയ. എന്നാൽ, നാം അതു രഹസ്യമായി വയ്ക്കുന്നില്ല. നാം മറ്റുള്ളവരുമായി അതു പങ്കുവയ്ക്കുന്നു. എങ്ങനെ? അയാളെക്കുറിച്ച് ഇല്ലാവചനം. പരദൂഷണം ദുരാരോപണം എന്നിവ പറഞ്ഞുകൊണ്ട്. അങ്ങനെ ഒരാളിൽനിന്നു മറ്റൊരാളിലേക്ക്, പിന്നെ വേറൊരാളിലേക്ക്...പിന്നെ സമൂഹം മുഴുവൻ അത് അറിയുന്നു. ഇങ്ങനെയാണു പരദൂഷണം പ്രവർത്തിക്കുന്നത്. നമുക്കെല്ലാവർക്കും ഈ പ്രലോഭനമുണ്ട്. ഞാനും ഈ പ്രലോഭനത്തെ നേരിടുന്നു. ഇതു നിത്യേനെയുള്ള പ്രലോഭനമാണ്. വെള്ളം ഒലിച്ചിറങ്ങുന്നതുപോലെ സാവകാശം ആരംഭിച്ചു പടർന്നു പിടിക്കുന്ന രോഗം!

ജനങ്ങളെ നശിപ്പിക്കുന്ന ഒരു കാര്യം കേൾക്കാനായാൽ നാം കരുതലോടെയിരിക്കണം. മറ്റുള്ളവരുടെ സത്പേരിനെ നശിപ്പിക്കുന്ന കാര്യം കേട്ടാൽ, നമ്മുടെതന്നെ ജീവിതത്തെ ഇല്ലാതാക്കുന്ന കാര്യമാണത് എന്നും നമ്മെ ലൗകിക ചിന്തയിലേക്കും പാപത്തിലേക്കും നയിക്കുന്ന പാതയാണ് അതെന്നും തിരിച്ചറിയാനുള്ള ഉൾക്കാഴ്ച നമുക്കുണ്ടാകണം. സാവകാശം ഒലിച്ചിറങ്ങുന്ന ഇതു വേണ്ടനേരത്തു നിർത്തിയില്ലെങ്കിൽ, അതു വളരുകയും പ്രചരിക്കുകയും നമ്മെതന്നെ ന്യായവത്കരിക്കുന്ന സുനാമിത്തിരയായി രൂപാന്തരപ്പെടുകയും ചെയ്യും. അപ്പോൾ നാം സമ്പൂർണ്ണ ന്യായവത്കരണം കിട്ടാനായി ഇങ്ങനെ ചിന്തിച്ചുപോകാം: ഒരാൾ മരിക്കുന്നതാണു നല്ലത്! ഒരാളെ കുരുതി കൊടുക്കാൻ, ഒരാളെ ബലിയാടാക്കാൻ തീരുമാനിക്കുക!

നാമെല്ലാവരും പ്രലോഭിപ്പിക്കപ്പെടുന്നു. കാരണം, എല്ലാവരുടെയും ജീവിതം, ക്രിസ്തീയ ജീവിതം, ഒരു യുദ്ധമാണ്. നാം പരിശുദ്ധരായിരിക്കുന്നത് ഇഷ്ടമില്ലാത്ത പിശാചിന്റെ പണിയാണിത്. നാം യേശുവിനെ അനുഗമിക്കാതിരിക്കാൻ അവൻ നടത്തുന്ന ശ്രമമാണിത്. തീർച്ചയായും, നിങ്ങളിൽ ചിലർ പറഞ്ഞേക്കാം: പരിശുദ്ധ പിതാവേ, ഇരുപത്തൊന്നാം ശതകത്തിൽ പിശാചിനെപ്പറ്റി സംസാരിക്കുന്ന അങ്ങു പഴഞ്ചനാണ്. പക്ഷേ, ഓർക്കുക, പിശാച് ഉണ്ട്! ഇരുപത്തൊന്നാം ശതകത്തിലും പിശാചുണ്ട്. ഇല്ലെന്നു വിശ്വസിക്കാൻ മാത്രം നാം പച്ചപ്പരമാർത്ഥികളായിപ്പോകരുത്. ശുദ്ധഗതിക്കാരാകരുത്. അവനെതിരെ എങ്ങനെ യുദ്ധം ചെയ്യണമെന്നു സുവിശേഷത്തിൽനിന്നു നാം പഠിക്കണം.

# പിതൃവേദി



## ശത്രുവിന്റെ ശത്രു മിത്രമാണോ?

**ബ്ര. ബെന്നി പുന്നതറ**

ഇതൊരു കഥയാണ്. പണ്ടുകാലത്ത് കുതിരയും ഒരു കാട്ടുമൃഗമായിരുന്നു. അങ്ങനെയിരിക്കെ കലമാനും കുതിരയും തമ്മിൽ എന്തോ കാര്യത്തിന് വഴക്കുണ്ടായി. അവർ തമ്മിൽ കണ്ടാൽ ചിരിക്കുകയോ മിണ്ടുകയോ ഇല്ല. ഒരിക്കൽ കുതിര ചിന്തിച്ചു: 'ഈ കലമാനിനെ കാണുന്നതുതന്നെ എന്നെ അസ്വസ്ഥതപ്പെടുത്തുന്നു. അതിനാൽ ഇവനെ എങ്ങനെയെങ്കിലും ഈ കാട്ടിൽ നിന്നും ഓടിക്കണം.'

കുതിര അതിനായി ഒരു വേടന്റെ സഹായം തേടി. പക്ഷേ വേടൻ ഒരു വ്യവസ്ഥ ചെയ്തു: ''മാനിനെ ഞാൻ പേടിപ്പിച്ച് ഓടിക്കാം. എന്നാൽ നീ ഒരു കാര്യം സമ്മതിക്കണം. ഇരുമ്പിന്റെ ഈ സാധാനം ഞാൻ നിന്റെ വായിൽ വെക്കും. തുകൽകൊണ്ടുള്ള ഈ സാധനം നിന്റെ പുറത്തും.''

കുതിര സമ്മതിച്ചു. ഉടനെ തന്നെ വേടൻ കടിഞ്ഞാൺ ഘടിപ്പിച്ച് കുതിര പ്പുറത്ത് ചാടിക്കയറി, കുതിരയും വേടനും കൂടി മാനിനെ പേടിപ്പിച്ച് കാട്ടിൽ നിന്നും തുരത്തി. ദൗത്യ നിർവഹണത്തിനുശേഷം മടങ്ങിയെത്തിയപ്പോൾ കുതിര പറഞ്ഞു: ''നന്ദി മനുഷ്യാ, ചെയ്തുതന്ന ഉപകാരം ഞാനൊരിക്കലും മറക്കില്ല. ഇനി എന്റെ വായിലും മുതുകത്തുമുള്ള സാമഗ്രികൾ ഒന്നെടുത്തു മാറ്റിയാൽ തരക്കേടില്ല. എനിക്ക് ശരിക്കും വേദനിക്കുന്നുണ്ട്.''

വേടൻ പറഞ്ഞു: ''അതു പറ്റില്ല ചങ്ങാതീ. ഞാൻ നിന്നെ ഇപ്പോൾ അടി മയാക്കിയിരിക്കുകയാണ്. അക്കാര്യം ഓർമ്മിപ്പിക്കാനെങ്കിലും ഈ സാധന ങ്ങൾ നിന്റെ വായിലും മുതുകത്തും ഇരിക്കുന്നത് നല്ലതാണ്.'' അങ്ങനെ കുതിരയുടെ കാടും സ്വാതന്ത്ര്യവും അവനു നഷ്ടപ്പെട്ടു.

ശത്രുവിനെ നേരിടാൻ വേണ്ടി മറ്റുള്ളവരെ കൂട്ടുപിടിക്കുമ്പോഴുണ്ടാകുന്ന ഈ ദുരന്തം നിരവധി രാജ്യങ്ങളെയും സമൂഹങ്ങളെയും അടിമത്തത്തിലേക്ക് നയിച്ച കഥകൾ ചരിത്രത്തിലുണ്ട്. അടുത്ത നാളുകളിൽ ഈജിപ്ത് സന്ദർശി ച്ചപ്പോൾ ഞങ്ങളോടൊപ്പമുണ്ടായിരുന്ന ടൂറിസ്റ്റ് ഗൈഡ് ഇങ്ങനെ പറഞ്ഞു: ''ഞങ്ങളുടെയെല്ലാം പൂർവ്വീകർ ക്രിസ്ത്യാനികളായിരുന്നു. എന്നാൽ ഇന്ന് ക്രൈസ്തവർ വെറും അഞ്ച് ശതമാനമേ ഉള്ളൂ. ജനസംഖ്യയിൽ ബാക്കി യെല്ലാം മുസ്ലീം മതവിശ്വാസികളാണ്.'' ഇതുകേട്ടപ്പോൾ എന്റെ ചിന്തകൾ പിന്നോട്ടോടി.

ശത്രുക്കളുണ്ടാകുമ്പോൾ കർത്താവിൽ ആശ്രയിക്കുക–ദൈവം നമ്മുടെ പക്ഷത്തുണ്ടെന്ന് ബോധ്യമില്ലാതാകുമ്പോഴാണ് നാം ഇതര ആശ്രയങ്ങൾക്കായി ഓടുന്നതും ഒടുവിൽ അവരുടെ അടിമകളായിത്തീരുന്നതും

വി. മർക്കോസിനെയാണ് ഈജിപതിലെ സഭയുടെ സ്ഥാപകനായി കണക്കാക്കുന്നത്. സഭയിലെ ആദ്യത്തെ ദൈവശാസ്ത്രപാഠശാലപോലും ആരംഭിച്ചത് ഈജിപ്തിലെ അലക്സാൺഡ്രിയായിലാണ്. സന്ന്യാസപ്രസ്ഥാനങ്ങൾ സഭയിൽ രൂപം കൊള്ളാനാരംഭിച്ചതും അലക്സാൺഡ്രിയൻ സഭയിൽ തന്നെ. സഭാരംഭനാളുകളിലെ പ്രഗത്ഭരായ നിരവധി നേതാക്കന്മാരും കോപ്റ്റിക് സഭയിൽ നിന്നുമാണ് ഉയർന്നുവന്നിട്ടുള്ളത്. പന്തേനൂസ്, ക്ലെമന്റ്, ഒരിജെൻ, ദിവന്നാസ്യോസ്, തെയോഫിലസ്, സിറിൽ ഇവരൊക്കെ അവരിൽ ചിലർ മാത്രം. വി. ആന്റണി, വി. പക്കോമിയോ സ്, വി. മക്കാറിയൂസ്, ആമോൻ തുടങ്ങിയ ആദികാല സന്ന്യാസപിതാക്കന്മാരും ഈജിപ്ത് സഭയുടെ സംഭാവനകൾ തന്നെ. എന്നിട്ടും ആ സഭയെന്തുകൊണ്ട് ഇങ്ങനെ ശോഷിച്ചുപോയി?

മതസ്വാതന്ത്ര്യം കിട്ടിയതിനുശേഷം സഭയിലുണ്ടായ പാഷണ്ഡതകളാണ് അതിന്റെ അടിസ്ഥാനകാരണം. ഒടുവിൽ കാൽസിഡോൺ സൂനഹദോസിനുശേഷം കാൽസിഡോൺ വിരുദ്ധരും അനുകൂലികളുമെന്ന നിലയിൽ സഭ രണ്ടായിത്തീർന്നു. ഏക സ്വഭാവവാദികളായിരുന്ന കാൽസിഡോൺ വിരുദ്ധർ കാൽസിഡോൺ സൂനഹദോസിനെ അനുകൂലിക്കുന്ന സഭാവിഭാഗത്തെ പിൻതള്ളാനായി അറബികളായ മുസ്ലീങ്ങളെ ധാരാളമായി ഈജിപ്തിലേക്കു സ്വാഗതം ചെയ്തു. ആദ്യകാലത്ത് ക്രൈസ്തവ ദൈവാലയങ്ങളുടെ തൊട്ടടുത്തു തന്നെയാണ് മുസ്ലീം പള്ളികളും പണിതിരുന്നത്. ക്രമേണ മുസ്ലീങ്ങൾ അധികാരം കൈക്കലാക്കുവാൻ തക്കവിധം പെരുകി – തുടർന്ന് പല മുസ്ലീം ഭരണാധിപന്മാരും ക്രൈസ്തവരുടെമേൽ ഭീമമായ നികുതി ചുമത്തുകയും നികുതി അടയ്ക്കാൻ കഴിയാത്തവരെ വധശിക്ഷയ്ക്ക് വിധിക്കുകയോ അല്ലെങ്കിൽ മതപരിവർത്തനം നടത്തുകയോ ചെയ്തു. അങ്ങനെ കോപ്റ്റിക് ഭാഷയുടെ സ്ഥാനത്ത് ഇന്ന് അറബിയും കോപ്റ്റിക് സഭയുടെ ശക്തികേന്ദ്രങ്ങളിൽ മുസ്ലീം മതവിശ്വാസവും സ്ഥാനമുറപ്പിച്ചു. ഇന്നത്തെ അവശിഷ്ട കോപ്റ്റിക് സഭ തികച്ചും ദുരിതപൂർണ്ണമായ അവസ്ഥയിലൂടെയാണ് കടന്നുപോകുന്നത്.

കേരള സഭയുടെ ചരിത്രത്തിലും ഇതിനു സമാനമായ ചില സംഭവങ്ങളുണ്ട് കൂനൻ കുരിശു സത്യത്തിനുശേഷം സ്വതന്ത്രമായി നിന്ന പുത്തൻകൂർ വിഭാഗം പോർച്ചുഗീസ് മിഷനറിമാരെ നേരിടാൻ ഇംഗ്ലീഷ് മിഷനറിമാരെ ആശ്രയിച്ചു. വാസ്തവത്തിൽ പ്രൊട്ടസ്റ്റന്റുകാരായ ഇംഗ്ലീഷ് മിഷനറിമാരു മായി വിശ്വാസത്തിൽ വലിയ അന്തരമുണ്ടായിരുന്നു മലങ്കര നസ്രാണികൾക്ക്. അന്ന് ശത്രുവിനെ നേരിടാനുള്ള ശ്രമത്തിൽ അതൊന്നും

ഗൗരവമായി കണ്ടില്ല. ഒടുവിൽ സംഭവിച്ചതോ, ഇംഗ്ലീഷ് മിഷനറിമാരുടെ സ്വാധീനഫലമായി പ്രൊട്ടസ്റ്റന്റ് ആശയങ്ങൾ മലങ്കര സഭയിൽ പ്രചരിക്കുകയും അങ്ങനെ ഗണ്യമായ ഒരു വിഭാഗം പൂർവ്വീകർ വിശ്വാസം ഉപേക്ഷിച്ച് മാർത്തോമ്മാ സഭയെന്ന പേരിൽ ഒരു സ്വതന്ത്ര പ്രൊട്ടസ്റ്റന്റ് വിഭാഗമായി ത്തീരുകയും ചെയ്തു.

ശത്രുതകൾ ഉണ്ടാകുമ്പോൾ, ശത്രുവിനെ പരാജയപ്പെടുത്താൻ ആരുമായും കൂട്ടുകൂടുന്നത്. വ്യക്തികൾക്കും സമൂഹങ്ങൾക്കും പിൽക്കാലത്ത് ദൂഷ്യം ചെയ്യുമെന്ന് ഈ സംഭവങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. ഭിന്നതകൾ രൂപംകൊള്ളുമ്പോൾ നാം അവയെ നേരിടേണ്ടത് ആദ്യമായി ആത്മപരിശോധന നടത്തിയാണ്. ഞാൻ എടുത്തിരിക്കുന്ന നിലപാട് ദൈവഹിതമാണോ? അതോ എന്റെ സ്വാർത്ഥതയും അഹങ്കാരവും അജ്ഞതയുമാണോ ഈ വ്യത്യസ്ത ചേരിയിൽ ആകാൻ കാരണം എന്നു നാം ചിന്തിക്കണം. നമ്മുടെ നിലപാടിനെ ദൈവം അംഗീകരിക്കുന്നുണ്ടെങ്കിൽ പിന്നെ നാം ശത്രുവിനെ കീഴടക്കാൻ 'ഈജിപ്തിലേക്ക്' സഹായം തേടിപ്പോകരുത്. ദൈവം നമുക്കുവേണ്ടി പോരാടും.

യൂദാരാജാവായ ആസാ (2 ദിന. 14-16) ദൈവത്തിന് പ്രീതികരമായി പ്രവത്തിച്ച ഒരാളായിരുന്നു. എത്യോപ്യയേയും ലിബിയായും എല്ലാം അവൻ യുദ്ധത്തിൽ പരാജയപ്പെടുത്തി. എന്നാൽ ഇസ്രായേൽ രാജാവായ ബാഷാ യൂദാക്കെതിരെ യുദ്ധം പ്രഖ്യാപിച്ചപ്പോൾ ആസാ ഓടി സിറിയാ രാജാവിന്റെ സഹായംതേടി. ഇത് കർത്താവിന് ഇഷ്ടപ്പെട്ടില്ല. ഹനാനി ദീർഘദർശി ആസായുടെ അടുത്തുചെന്നുപറഞ്ഞു: "നിന്റെ ദൈവമായ കർത്താവിൽ ആശ്രയിക്കാതെ സിറിയാരാജാവിനെ അഭയം തേടിയതിനാൽ സിറിയാ രാജാവിന്റെ സൈന്യം നിന്റെ കൈയിൽനിന്ന് രക്ഷപെട്ടു. അസംഖ്യം രഥങ്ങളും കുതിരപ്പടയാളികളുമടങ്ങിയ ഒരു വലിയ സൈന്യമല്ലേ എത്യോപ്യർക്കും ലിബിയർക്കും ഉണ്ടായിരുന്നത്. എന്നിട്ടും നീ കർത്താവിൽ ആശ്രയിച്ചതിനാൽ അവിടുന്ന് അവരെ നിന്റെ കൈയിൽ ഏല്പിച്ചുതന്നു. തന്റെ മുമ്പിൽ നിഷ്കളങ്കരായി വർത്തിക്കുന്നവർക്കുവേണ്ടി ശക്തി പ്രകടിപ്പിക്കുവാൻ കർത്താവിന്റെ ദൃഷ്ടികൾ ഭൂമിയിൽ ഉടനീളം പായുന്നു."

ശത്രുക്കളുണ്ടാകുമ്പോൾ കർത്താവിൽ ആശ്രയിക്കുക. ദൈവം നമ്മുടെ പക്ഷത്തുണ്ടെന്ന് ബോധ്യമില്ലാതാകുമ്പോഴാണ് നാം ഇതര ആശ്രയങ്ങൾക്കായി ഓടുന്നതും ഒടുവിൽ അവരുടെ അടിമകളായിത്തീരുന്നതും-നമ്മുടെ യുദ്ധങ്ങൾ കർത്താവുതന്നെ നയിക്കാൻ തക്കവിധം കർത്താവിന്റെ സ്വന്തമായിരിക്കുക എന്നതാണ് പ്രധാനം.

**പ്രാർത്ഥന**

കർത്താവേ മറ്റുള്ളവരോടുള്ള എന്റെ എല്ലാ യുദ്ധങ്ങളും ഞാൻ അവസാനിപ്പിക്കുന്നു. അവിടുന്നു തന്നെ എന്റെ യുദ്ധം നയിച്ചാലും, ആമ്മേൻ

# മാതൃവേദി



## ‘നമുക്കിഷ്ടമുള്ളതുപോലെ’ കുട്ടികളെ വളർത്താമോ?

**മാർ . ജേയ്ക്കബ് തൂങ്കുഴി**

കർത്താവിൽ പ്രിയപ്പെട്ടവരേ,

മാനന്തവാടി രൂപതയുടെ പ്രാരംഭഘട്ടത്തിൽ, ഞാനവിടെ മെത്രാനായിരിക്കുന്ന കാലത്ത് തന്റെ കുട്ടികളെ മതബോധനത്തിനയയ്ക്കാൻ വൈമുഖ്യം പ്രദർശിപ്പിച്ച ഒരു രക്ഷകർത്താവിനെ ഓർക്കുകയാണ്. ഞാൻ അദ്ദേഹത്തെ സ്നേഹപൂർവം ഉപദേശിച്ചപ്പോൾ ആ മനുഷ്യൻ പറഞ്ഞു: ‘‘ഞാനൊരു കത്തോലിക്കാ വിശ്വാസിതന്നെ. പക്ഷേ എന്റെ കുട്ടികളെ മതബോധനത്തിന് നിർബന്ധിക്കുക ശരിയല്ല. ഒരു പ്രത്യേക മതാനുയായി ആകാൻ പ്രേരിപ്പിക്കുന്നതുപോലും സ്വതന്ത്രമായ തെരഞ്ഞെടുപ്പിനെ തടസ്സപ്പെടുത്തുന്നതായിട്ടാണ് എനിക്കു തോന്നുന്നത്. അതുകൊണ്ട്, അവർ മതബോധനത്തിന് പോകുന്നെങ്കിൽ നല്ലതു തന്നെ. എങ്കിലും ഇക്കാര്യം അവർതന്നെ തീരുമാനിക്കട്ടെ.’’

ഏതാനും വർഷങ്ങൾക്കുശേഷം ദിനപത്രങ്ങളുടെ ആദ്യപേജിൽത്തന്നെ നാലഞ്ചു യുവാക്കന്മാരുടെ ഒരു ഗ്രൂപ്പ് ഫോട്ടോ കാണാനിടയായി. ഈ ചിത്രത്തിൽ പ്രസ്തുത വ്യക്തിയുടെ ഒരു മകനുമുണ്ടായിരുന്നു. ആരായിരുന്നെന്നോ, കൊലയും അക്രമവും ആരോപിക്കപ്പെട്ട നക്സലൈറ്റുകൾ! മകന് ഈ ദുരവസ്ഥയും തനിക്ക് മാനഹാനിയും വന്നതിൽ ആ പിതാവിന് വളരെ വേദനയുണ്ടായതായി ഞാൻ പിന്നീട് മനസ്സിലാക്കി ഇതിന് ആരാണ് ഉത്തരവാദി? പ്രധാനമായും ആ പിതാവുതന്നെ കാരണം, പക്വതയിലെത്താത്ത തന്റെ മകനെ സ്വതന്ത്രമായ തീരുമാനമെടുക്കാനായി തനിയെ വിട്ടത് ശരിയായില്ല.

മക്കളുടെ ശിക്ഷണം മാതാപിതാക്കളുടെ ഇഷ്ടാനിഷ്ടങ്ങൾക്കു വിടാവുന്ന ഒരു കാര്യമാണോ? ഈശോയുടെ ദേവാലയ സമർപ്പണം ഈ ചോദ്യങ്ങൾക്ക് മറുപടി തരുന്നുണ്ട്. ഈശോ ജനിച്ചിട്ട് 40-ാം ദിവസം പരിശുദ്ധ അമ്മയും വിശുദ്ധ യൗസേപ്പും ശിശുവിനെ ദൈവാലയത്തിൽ കാഴ്ചവയ്ക്കുന്നു. പ്രാവുകളെ ബലിയായി നൽകിയതിനുശേഷം ദൈവത്തിനു സമർപ്പിക്കപ്പെട്ട ശിശുവിനെ തിരിയെ വാങ്ങി സ്വഗൃഹത്തിലേക്ക് അവർ മടങ്ങുകയാണ്. ദൈവത്തിനു സവിശേഷമായി സമർപ്പിക്കപ്പെട്ടതുവഴി, ദൈവാലയത്തിൽനിന്ന് തിരിച്ചുകൊണ്ടുപോകപ്പെടുന്ന ശിശു ദൈവത്തിന്റെ കുഞ്ഞായിത്തീർന്നിരിക്കുന്നു. ആകയാൽ ദൈവത്തിന്റെ കുഞ്ഞായി വേണം ആ ശിശുവിനെ വളർത്താൻ.

ക്രൈസ്തവ മാതാപിതാക്കളെല്ലാവരും പരിശുദ്ധ അമ്മയും വിശുദ്ധ യൗസേപ്പുപിതാവും ചെയ്തതുപോലെ തങ്ങളുടെ കുഞ്ഞുങ്ങളെ ജ്ഞാനസ്നാനത്തിനായി ദൈവാലയത്തിൽ കൊണ്ടുപോകുന്നു. അതുവഴി ആ കുട്ടികൾ ദൈവത്തെ 'പിതാവേ' എന്നു വിളിക്കാൻ അർഹതയുള്ള ദൈവമക്കളായിത്തീരുകയാണ്. അവരെ വളർത്താനുള്ള ചുമതല മാതാപിതാക്കൾക്കു നൽകിക്കൊണ്ട് ദൈവം മക്കളെ തിരിയെ കൊടുത്തുവിടുന്നു. തന്മൂലം തങ്ങൾക്കിഷ്ടമുള്ളതുപോലെ കുട്ടികളെ വളർത്താൻ മാതാപിതാക്കൾക്ക് സ്വാതന്ത്ര്യമില്ല. ദൈവത്തിന്റെ കുഞ്ഞുങ്ങളെ ദൈവമക്കളായിത്തന്നെ വളർത്തണം; ദൈവത്തിന്റെ ഹിതമനുസരിച്ച്. അവസാനം മാതാപിതാക്കൾ ദൈവത്തിന്റെ പക്കൽ കണക്കു ബോധിപ്പിക്കേണ്ടതാണെന്ന കാര്യവും നാം വിസ്മരിക്കരുത്.

ദൈവമക്കൾ വസിക്കുന്ന കുടുംബത്തിന് വത്തിക്കാൻ സൂനഹദോസ് കൊടുത്തിരിക്കുന്ന മനോഹരമായ പേരാണ് 'ഗാർഹികസഭ' ആഗോളസഭയുടെ കൊച്ചുഘടകമായ കുടുംബം എന്നാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ദൈവമക്കൾ യേശുവിനെപ്പോലെ 'വിശുദ്ധിയിലും വിജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ പ്രീതിയിലും' (ലൂക്കാ, 2:52) വളർന്നുവരുന്ന ദിവ്യമായ സ്ഥലം. അതിനുവേണ്ട പ്രബോധനവും ശിക്ഷണവും നൽകുന്ന മാതാപിതാക്കളാണ് ആ ഗാർഹികസഭയിലെ പുരോഹിതർ. കുട്ടികളുടെ ശിക്ഷണത്തിനടിസ്ഥാനം മാതാപിതാക്കളുടെ ജീവിതസാക്ഷ്യവും വാക്കുകളുമാണ്.

മുകളിൽ പരാമർശിച്ച രക്ഷാകർത്താവിനെപ്പോലെ, തങ്ങളുടെ കുട്ടികളുടെ മതബോധനത്തിലും സ്വഭാവരൂപീകരണത്തിലും മാതാപിതാക്കൾ നിസ്സംഗമനോഭാവം പുലർത്തുന്നത് ശരിയല്ല. വളരെ വർഷങ്ങളിലെ ജീവിതത്തിൽനിന്ന് ഉരുത്തിരിയുന്ന അനുഭവജ്ഞാനം മാതാപിതാക്കൾക്കുള്ളതുപോലെ കുട്ടികൾക്കില്ലല്ലോ. തങ്ങളുടെ കുട്ടികൾക്ക് നല്ല ഭക്ഷണവും വസ്ത്രവും നൽകാൻ മാതാപിതാക്കൾ പരിശ്രമിക്കുന്നുണ്ടെങ്കിൽ അതിലുപരി അവർക്ക് തങ്ങളുടെ മതവിശ്വാസവും ആദർശങ്ങളും പകർന്നു കൊടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓരോ കുട്ടിയിലും ക്രിസ്തു രൂപമെടുക്കണം. അതിനായി അവരെ പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നയിക്കുക എന്നീ ദൗത്യങ്ങൾ തിരുസഭയ്ക്കുണ്ട്. ക്രിസ്തുവിൽനിന്നും തങ്ങൾക്കു ലഭിച്ചിരിക്കുന്ന പ്രബോധന ദൗത്യത്തിൽ മെത്രാന്മാർ വൈദികരെയും സന്യാസിനീസന്യാസികളെയും അത്മായരെയും പങ്കുചേർക്കുന്നു. ഇവരാണ് നമ്മുടെ സ്കൂളുകളിലെ മതാദ്ധ്യാപകർ. അവർക്കുവേണ്ട പരിശീലനവും പ്രോത്സാഹനങ്ങളും നൽകുന്നതിനായിട്ടാണ്, പ്രധാനമായും നമ്മൾ മതബോധനകേന്ദ്രം സ്ഥാപിച്ചിരിക്കുന്നത്. ലോകത്തിലെ പരമോന്നത ഗുരുവായ യേശുവിന്റെ പ്രബോധന

ദൗത്യത്തിൽ പങ്കുചേരാനുള്ള ദൈവവിളി ഒരു ഭാഗ്യമായി കരുതി, ദൈവമക്കൾക്ക് യേശുവിന്റെ രൂപം കൊടുക്കാൻ നിസ്വാർത്ഥവും ത്യാഗപൂർണ്ണവുമായ സേവനം അനുഷ്ഠിക്കുന്ന എല്ലാവരേയും നന്ദിയോടും സ്നേഹത്തോടും കൂടി ഞാൻ വീണ്ടും അനുസ്മരിക്കുകയാണ്.

മതബോധനം ഫലപ്രദമായി നടത്തുന്നതിനാവശ്യമായ പണം നൽകുന്നതിന് ഓരോ ഇടവകയും മഹാമനസ്കത പ്രദർശിപ്പിക്കണം. മെത്രാന്റെ അനുമതിക്ക് വിധേയമായി, ഇടവകയുടെ വരുമാനത്തിന്റെ നല്ലൊരു പങ്ക് ഇക്കാര്യത്തിനായി വിനിയോഗിക്കുന്നത് അഭിലഷണീയമാണ്. മതാധ്യാപനം ഉർജ്ജിതപ്പെടുത്തുക, മതാധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകുക എന്നിവ രൂപത മുഴുവന്റെയും വളരെ പ്രധാനപ്പെട്ട ദൗത്യമായി കരുതണം.

മതബോധനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ആഴമായ അവബോധം ഉളവാക്കിക്കൊണ്ട് പുതിയൊരു ചൈതന്യത്തോടെ പ്രവർത്തിക്കേണ്ടതിന് മതബോധനദിനങ്ങൾ ഭംഗിയായി ആചരിക്കുക. അന്നേദിവസം എല്ലാവരും മഹാമനസ്കതയോടെ സംഭാവന നൽകി, ആ പിരിവ് അതത് രൂപതാകേന്ദ്രങ്ങളിൽ ഏൽപ്പിച്ച്, കഴിവു കുറഞ്ഞ ഇടവകകളെക്കൂടി സഹായിക്കാൻ കേന്ദ്രത്തെ പ്രാപ്തമാക്കണം.

തങ്ങളുടെ കുട്ടികളെ ദൈവമക്കളായി വളർത്തുന്ന മാതാപിതാക്കൾക്കും അവരുടെ ആ ദിവ്യദൗത്യത്തിൽ സഹായിക്കാൻ നിയുക്തരായ എല്ലാ മതാധ്യാപകർക്കും മതാധ്യയനം നടത്തുന്ന എല്ലാ കുട്ടികൾക്കും സമൃദ്ധമായി ദൈവാനുഗ്രഹം ലഭിക്കുന്നതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

---

## കുടുംബ കൂട്ടായ്മ സമ്മേളനങ്ങളുടെ സമയക്രമം

| രണ്ടാം മാസം (ഫെബ്രുവരി, ഏപ്രിൽ, ജൂൺ, ആഗസ്റ്റ്, ഒക്ടോബർ, ഡിസംബർ) | | |
|---|---|---|
| ഒന്നാം ഞായർ | 3.00 pm | സെന്റ് ആൻസ് |
| | 4.00 pm | സെന്റ് ഗോൺസാല |
| രണ്ടാം ഞായർ | 3.00 pm | സെന്റ് തോമാസ് |
| | 4.00 pm | സെന്റ് പയസ് |
| മൂന്നാം ഞായർ | 3.00 pm | സെന്റ് ജോർജ്ജ് |
| | 4.00 pm | സെന്റ് അൽഫോൺസ |
| നാലാം ഞായർ | 4.00 pm | സെന്റ് സേവ്യർ |

യുവജനവേദി

# മൊബൈൽ ഫോണുകൾ ഉപയോഗിക്കുമ്പോൾ



**അബ്രഹം പൂവ്വത്താനം**

സെൽഫോണുകൾ ചുരുങ്ങിയ കാലംകൊണ്ടു സർവസാധാരണമായിരിക്കുന്നു. അവ ഇല്ലാത്തൊരു കാലത്തെക്കുറിച്ച് പലർക്കും ഇനി ചിന്തിക്കാൻ പോലുമാവില്ല. മൊബൈൽ ഫോണുകളുടെ സ്വാധീനവും പ്രയോജനവും ഏറെയാണ്. അവ ഉയർത്തിവിടുന്ന വെല്ലുവിളികളും നിസ്സാരങ്ങളല്ല. വിവേകപൂർണമായ നിയന്ത്രണങ്ങളും വിവേചനാപൂർണമായ ഉപയോഗവുമാണ് സെൽഫോണുകൾ കൈകാര്യം ചെയ്യുമ്പോഴുള്ള ദൂഷ്യ ദുരന്തങ്ങളെ നിയന്ത്രണവിധേയമാക്കുവാനുള്ള മാർഗ്ഗം. സാമാന്യമര്യാദയുടെ പരിധിക്കുള്ളിലാവണം അവയുടെ ഉപയോഗം. മാന്യതയുടെ റേഞ്ച് വിട്ട് പുറത്തേക്കു പോകാതിരിക്കാനും ശ്രദ്ധവേണം. സ്ഥലകാലസാഹചര്യങ്ങൾക്കനുസൃതമായി സെൽഫോൺ ഉപയോഗത്തിൽ പുലർത്തേണ്ട ചില മര്യാദകളെപ്പറ്റി...

- പൊതുപരിപാടികളിലും മീറ്റിംഗുകളിലും പങ്കെടുക്കുമ്പോഴും ആരാധനാലയങ്ങളിൽ പ്രവേശിക്കുമ്പോഴും സെൽഫോണുകൾ സ്വിച്ച് ഓഫ് ചെയ്യുകയോ സൈലന്റ് മോഡിൽ ഇടുകയോ ആണ് ഉത്തമം. നമ്മുടെ മാത്രമല്ല, മറ്റുള്ളവരുടെയും ഏകാഗ്രതയും ശ്രദ്ധയും നഷ്ടമാകാതിരിക്കുവാൻ ഇതു സഹായകമാവും.
- രോഗികളെ സന്ദർശിക്കുമ്പോഴും മരണവീടുകളിലെത്തി അന്തിമോപചാരം അർപ്പിക്കുമ്പോഴും സെൽഫോണുകൾ പ്രവർത്തിപ്പിക്കാതിരിക്കുകയാണ് മാന്യതയുടെ അടയാളം.
- മേലധികാരികളുമായി സംസാരിക്കുമ്പോൾ അവരുടെ സാന്നിദ്ധ്യത്തിൽ മൊബൈൽ ഫോണുകളിൽ കോളുകൾ സ്വീകരിക്കുന്നതും അനുചിതമാണ്.
- സെൽഫോണുകളുടെ റിങ്ടോണുകൾ മാന്യവും സഭ്യവും മറ്റുള്ളവർക്ക് അസ്വസ്ഥത ഉളവാക്കാത്തതുമാവണം.
- മൊബൈൽ ഫോണിലെ റിങ്ടോണുകൾ നിയന്ത്രിത ശബ്ദത്തിലാവണം. ഉച്ചസ്ഥായിയിലുള്ള റിങ്ടോൺ ശബ്ദങ്ങൾ മറ്റുള്ളവരെ അലോസരപ്പെടുത്തുമെന്നത് മറക്കരുത്.
- നിരത്തിലൂടെ മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ടു നടക്കുന്നത്

# 4–ാം ചരമവാർഷികം
(09. 02. 2026)



# കൊള്ളന്നൂർ മാർട്ടിൻ ഭാര്യ
# ബിജി ജേക്കബ്

ജനനം : 30.06.1988 മരണം : 09.02.2022

മരിക്കാത്ത ഓർമ്മകളുമായ് പ്രാർത്ഥനയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

സെന്റ് പയസ് കുടുംബക്കൂട്ടായ്മ

Wedded on
29.12.2025



Nit
S/o. M
Mr. Jos
Manjal
Chunga
Thrissu

&

Sru
D/o. M
Mr. Tho
Vadakk
Palakka



## thin

rs. Annit Jos &
s Manjaly
y (H), Pushpagiri Lane,
am, P.O. Ayyanthole
ur



## uthy

rs. Pauly Thomas &
omas Vadakkan
kan (H), Chandra Nagar,
ad.





# *Christening of* JOSHUA JOPAUL

S/o Jopaul Jose & Anjusha Jopaul
G/o Jose K. Panamkulam & Mercy Jose
Panamkulam House



Born: 03/10/2025
Baptised: 27/12/2025



St. Thomas Unit

സ്വീകാര്യമായ നടപടിയല്ല. അവ അപകടങ്ങൾക്ക് കാരണമായേക്കാം.

- വാഹനമോടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുവാൻ പാടില്ല. അപകടങ്ങളെ ക്ഷണിച്ചുവരുത്തുകയും നിരപരാധികളുടെ ജീവൻ കുരുതി കൊടുക്കുവാൻ ഇടയാക്കുകയും ചെയ്യുന്ന അത്തരം പ്രവൃത്തികൾ ശിക്ഷാർഹമായ കുറ്റകരമാണെന്നതും മറക്കരുത്. അത്യാവശ്യ സന്ദർഭങ്ങളിൽ വാഹനം ഒതുക്കി നിറുത്തിയശേഷം മാത്രം ഫോണിൽ സംസാരിക്കുകയാണ് യുക്തം.

- ഫോണിലൂടെ മിതമായ സ്വരത്തിൽ സംസാരിക്കുകയെന്നത് ശീലമാക്കണം. ഉച്ചത്തിലുള്ള സംസാരം അനാവശ്യമായി മറ്റുള്ളവരുടെ ശ്രദ്ധ നമ്മുടെമേൽ എത്തുന്നതിനിടയാക്കും. ഉച്ചത്തിലുള്ള സംസാരം മാന്യതയുടെ ലക്ഷണമല്ല. മറ്റുള്ളവർക്ക് അത് അരോചകമായി തോന്നാം.

- ഏകപക്ഷീയമായ സംസാരം നന്നല്ല മറ്റുള്ളവർക്കുകൂടി സംസാരിക്കുവാൻ അവസരം നല്കണം.

- ഫോൺ വിളിക്കുമ്പോൾ റോങ്ങ് നമ്പരാണ് ലഭിക്കുന്നതെങ്കിൽ 'സോറി' പറഞ്ഞശേഷം ഫോൺ കട്ടാക്കുകയാണ് മാന്യത.

- ഫോണിൽ സംസാരിക്കുമ്പോൾ ആരാണ് വിളിക്കുന്നത് എന്ന് സ്വയം വെളിപ്പെടുത്തണം. മറുതലയ്ക്കൽ നമുക്കു വേണ്ടയാളെ തന്നെയാണ് ലഭിച്ചിരിക്കുന്നത് എന്ന് ഉറപ്പാക്കിയശേഷം തുടർസംഭാഷണം നടത്തുന്നത് അബദ്ധങ്ങൾ പിണയാതിരിക്കുവാൻ സഹായകമാകും.

- ഫോൺ വിളിക്കുമ്പോൾ ഫോൺ എടുത്തയാളോട് വിളിച്ചത് ആരാണെന്ന് സ്വരംകൊണ്ട് തിരിച്ചറിയുവാൻ പറ്റുന്നില്ലേയെന്ന മട്ടിലുള്ള ചോദ്യങ്ങൾ ചോദിച്ച് വിഷമവൃത്തത്തിലാക്കുന്നത് മാന്യമായ ഏർപ്പാടല്ല.

- മൊബൈൽ ഫോൺ അലങ്കാരമോ ആഭരണമോ അല്ല. ആവശ്യമില്ലെങ്കിൽ അത് പ്രദർശനവസ്തു ആക്കരുത്. ബാഗിലോ പോക്കറ്റിലോ അവ സൂക്ഷിക്കുകയാണ് സുരക്ഷിതവും മാന്യവും. ഫോൺ എപ്പോഴും കയ്യിൽ പിടിച്ചുകൊണ്ടു നടക്കുന്ന ശീലം അനുകരണീയമല്ല.

- ഫോൺവിളികൾ ഹ്രസ്വവും കാര്യമാത്രപ്രസക്തവുമാക്കുകയാണ് യുക്തം. സെൽഫോണുകളുടെ കൂടുതലായുള്ള ഉപയോഗം ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്കു കാരണമാകുമെന്ന വിദഗ്ദ്ധരുടെ മുന്നറിയിപ്പ് അവഗണിക്കാവുന്നതല്ല.

- മൊബൈൽ ഫോണുകളിലൂടെ അശ്ലീലസംഭാഷണം നടത്തുന്നതും അശ്ലീലസന്ദേശങ്ങളും ചിത്രങ്ങളും ഫോണിലൂടെ കൈമാറുന്നതും ഡൗൺലോഡ് ചെയ്യുന്നതും ശിക്ഷാർഹമാണ്.

- മറ്റുള്ളവരുടെ ഫോൺവിളികൾക്ക് അനാവശ്യമായി കാതു കൊടു

ക്കുന്നതും അമിതജിജ്ഞാസ കാണിക്കുന്നതും സംസ്കാരചിത്തർക്കു യോജിച്ചതല്ല. മറ്റുള്ളവർ ഫോൺ ഉപയോഗിക്കുമ്പോൾ ഫോണിലേയ്ക്ക് ഒളിഞ്ഞു നോക്കുന്നതും അതിലെ ദൃശ്യങ്ങളും സന്ദേശങ്ങളും കാണുവാൻ ജിജ്ഞാസ കാട്ടുന്നതും മാന്യമല്ല.

- മറ്റുള്ളവരുടെ അനുവാദമില്ലാതെ അവരുടെ ചിത്രങ്ങൾ മൊബൈൽ ക്യാമറയിൽ പകർത്തുന്നതും അവരുടെ സംഭാഷണങ്ങൾ റെക്കോർഡു ചെയ്യുന്നതും കുറ്റകരമാണ്. അവ മാന്യവുമല്ല.

  അനുവാദമില്ലാതെ മറ്റൊരാളുടെ മൊബൈൽ ഫോൺ എടുക്കുന്നതും ഉപയോഗിക്കുന്നതും അതിലുള്ള വിവരങ്ങൾ തിരയുന്നതും ഉചിതമല്ല.

- മേലധികാരികൾക്കും ഉത്തരവാദിത്വപ്പെട്ട ചുമതലയിലിരിക്കുന്നവർക്കും ആദരണീയരായവർക്കും അവർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലല്ലാതെ 'മിസ്ഡ് കോളുകൾ' നല്കുവാൻ പാടില്ല. അപരിചിതർക്കും സ്ത്രീകൾക്കും 'മിസ്ഡ് കോൾ' നല്കുന്നതും അനുചിതമാണ്.

- അസമയത്ത് ആരെയും കഴിവതും ഫോണിൽ വിളിക്കാതിരിക്കുകയാണു നന്ന്. വളരെ അത്യാവശ്യമെങ്കിൽ മാത്രം ഫോണിലൂടെ ബന്ധപ്പെടാം. അനവസരത്തിലെ ഫോൺ വിളി മൂലമുണ്ടായ അസൗകര്യത്തിന് ക്ഷമ ചോദിക്കാനും മറക്കരുത്.

- രാജ്യത്തിന് പുറത്തേയ്ക്ക് വിളിക്കുമ്പോൾ അവിടുത്തെ അപ്പോഴത്തെ സമയം മനസ്സിലാക്കി മറ്റുള്ളവർക്ക് അസൗകര്യമുണ്ടാകുന്നില്ലെന്ന് ഉറപ്പാക്കണം. * ഔദ്യോഗികകോളുകൾ കഴിവതും അവധി ദിവസങ്ങളിൽ ഒഴിവാക്കുവാൻ മനസു കാട്ടണം. ഉദ്യോഗസ്ഥജീവനക്കാർക്ക് അവധി ദിവസങ്ങളുടെ സ്വകാര്യത ആവശ്യമാണെന്നതു മറക്കരുത്.

- പൊതുനിരത്ത്, കളിസ്ഥലം, പൊതുവാഹനം, സിനിമാ തിയേറ്റർ തുടങ്ങിയ ഇടങ്ങളിൽ വച്ച് ഔദ്യോഗികവും പ്രധാനപ്പെട്ടതുമായ ഫോൺ കോളുകൾ സ്വീകരിക്കാതിരിക്കുകയാണു യുക്തം. തിരികെ വിളിച്ചു കൊള്ളാമെന്ന് 'ടെക്സ്റ്റ് മെസേജ്' നല്കുകയോ, സ്വകാര്യത ലഭിക്കുന്ന തൊട്ടടുത്ത സ്ഥലത്തുനിന്ന് തിരികെ വിളിക്കുകയോ ആണു കൂടുതൽ കരണീയം.

- ഭക്ഷണം കഴിക്കുമ്പോൾ ഫോണിൽ സംസാരിക്കുന്നത് ശരിയായ ശീലമല്ല. ഭക്ഷണം കഴിക്കുന്നതിന്റെ ശബ്ദങ്ങൾ കേൾവിക്കാർക്ക് അരോചകമാകും. ഭക്ഷണവേളയിൽ ഫോൺകോളുകൾ വന്നാൽ പരിചിതമായ നമ്പരിൽനിന്നാണെങ്കിൽ ഭക്ഷണം കഴിക്കുകയാണെന്ന വിവരം അവരെ അറിയിക്കുകയും സംഭാഷണം തുടരാൻ അവർ താല്പര്യം കാട്ടുന്ന പക്ഷം മാത്രം അപ്രകാരം ചെയ്യാവുന്നതുമാണ്.

- സംഘം ചേർന്നു യാത്ര ചെയ്യുമ്പോഴും ഒരുമിച്ചു ഭക്ഷണമേശയിലി

രിക്കുമ്പോഴും ഒരാൾ മാത്രം ദീർഘനേരംഫോൺ സംഭാഷണത്തിൽ ഏർപ്പെടുന്നത് ഹിതകരമല്ല.

- മൊബൈൽ ഫോണിലൂടെ സംഭാഷണം നടത്തുമ്പോൾ ഔചിത്യവും പരിസരബോധവും ഒരിക്കലും നഷ്ടപ്പെടുവാൻ ഇടയാകരുത്.
- മറ്റൊരാൾക്കൊപ്പം വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ ഫോണിൽ ദീർഘമായ സംഭാഷണങ്ങൾ നടത്തുന്നത് അഭിലഷണീയമല്ല. കൂടെ യാത്ര ചെയ്യുന്നവരുടെ സ്വാതന്ത്ര്യവും സന്തോഷവും കെടുത്താൻ അതു കാരണമായേക്കാം.
- കുടുംബരഹസ്യങ്ങളും വ്യക്തിപരമായ കാര്യങ്ങളും മൂന്നാമതൊരാളെപ്പറ്റിയുള്ള കുറ്റപ്പെടുത്തലും മൊബൈൽ ഫോണിലൂടെ പരസ്യമായി നടത്തുന്നത് മര്യാദകേടാണ്. മാത്രമല്ല സംഭാഷണം മറുതലയ്ക്കൽ റെക്കോർഡു ചെയ്യപ്പെടാനും നമുക്കെതിരെ ദുരുപയോഗിക്കപ്പെടാനുമുള്ള സാധ്യതയും തള്ളിക്കളയാവുന്നതല്ല.
- യാത്രയുടെ വിവരങ്ങൾ, കൈയിലുള്ള പണത്തെക്കുറിച്ചുള്ള പരാമർശങ്ങൾ, യാത്ര ഒറ്റയ്ക്കാണെന്ന വെളിപ്പെടുത്തൽ തുടങ്ങിയവയൊക്കെ അപരിചിതരുടെ സാന്നിദ്ധ്യത്തിൽ ഫോണിലൂടെ കൈമാറുന്നത് ആപത്ത് ക്ഷണിച്ചുവരുത്തുന്നതിനിടയായേക്കാം.

---

# പുതുവർഷം




**ബിജി എം.ഡി.**

പഴയ കലണ്ടറിന്റെ
മഞ്ഞിച്ച പേജുകൾ മടക്കി വച്ച്
നാളെയുടെ വെളിച്ചം തേടി
ഒരു പുതുവർഷം വീണ്ടും വരുന്നു.

വേദനകളെ അനുഭവങ്ങളാക്കി,
തോൽവികളെ പാഠങ്ങളാക്കി,
പ്രതീക്ഷകളെ ചിറകുകളാക്കി
സ്വപ്നങ്ങൾ ഉയരുന്നു ആകാശത്തിലേക്ക്.

കണ്ണീരിൽ കഴുകിയ രാത്രികൾക്ക് ശേഷം
പുഞ്ചിരിയുടെ പ്രഭാതം ഉദിക്കട്ടെ,
മനസ്സുകൾക്ക് സമാധാനവും
ജീവിതങ്ങൾക്ക് അർത്ഥവും പകരട്ടെ.

സ്നേഹത്തിന്റെ ചെറിയ വിളക്കുകൾ
ഓരോ ഹൃദയത്തിലും തെളിയട്ടെ,
മനുഷ്യനാകുന്നതിന്റെ മഹത്വം
ഈ പുതുവർഷം നമ്മെ പഠിപ്പിക്കട്ടെ.



# ബാല വേദി

# കുട്ടികളിൽ വർദ്ധിച്ചു വരുന്ന അക്രമപ്രവണത

**ഫാ. ജെ. മുണ്ടക്കൻ**

**'മർത്യനുമർത്യനെപ്പോലെ യിത്ര**
**നിർദ്ദയനായൊരു ശത്രുവില്ല**
**മർദ്ദനവൈഭവമിത്തരത്തിൽ**
**ക്രൂരമൃഗങ്ങൾക്കുപോലുമില്ല'**

എന്ന കവിയുടെ ധാർമ്മികരോഷത്തെ ശരിവയ്ക്കുന്ന ഉദാഹരണങ്ങൾ ഇന്ന് നമ്മുടെ പത്രമാധ്യമങ്ങളിൽ നിറയുകയാണ്. എന്നാൽ, നമ്മുടെ മനഃസ്സാക്ഷിയെ പിടിച്ചുലയ്ക്കുന്ന ഒരു പ്രവണത, നാളത്തെ പൗരന്മാരായിത്തീ രാൻ പോകുന്ന കുട്ടികൾതന്നെ അക്രമികളായി മാറുന്ന സ്ഥിതിയാണ്. ഭാവിസമൂഹത്തിൽ ഇതുണ്ടാക്കാൻ പോകുന്ന അക്രമപരതയുടെ കാഠിന്യം ഊഹാതീതമാണ്.

പത്തുവയസ്സുള്ള കുട്ടി, സഹപാഠികളായ പത്തുപേരെ വെടി വച്ചുകൊന്നു എന്ന വാർത്ത ഇന്നു നമ്മിൽ ഒരു ചലനവും സൃഷ്ടിക്കാത്തത്ര സാധാരണമായിരിക്കുന്നു. അമേരിക്കയിൽ, 12-നും 22നും ഇടയിലുള്ള ചെറുപ്പക്കാരുടെ മരണങ്ങൾ അധികവും കൊലപാതകങ്ങളാണെന്നും പ്രതിവർഷം അവിടെ രണ്ടര ദശലക്ഷം ജനങ്ങൾ അക്രമത്തിനിരയാകുന്നുവെന്നും വികസിത മേഖലയിൽ ഏറ്റവും അക്രമവും ഹിംസയും നടമാടുന്ന രാജ്യം അമേരിക്ക തന്നെയാണെന്നും 'ടൈം' വാരിക റിപ്പോർട്ടു ചെയ്യുന്നു. പ്രതിവർഷം 35,000 ത്തോളം പേരാണിവിടെ ആയുധങ്ങളാൽ മരിക്കുന്നത്.

കുട്ടികളെ ആയുധമെടുക്കാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങളിലേക്കും അതിന്റെ മൂലകാരണങ്ങളിലേക്കും ഇറങ്ങിച്ചെല്ലുമ്പോൾ നമുക്ക് മനസ്സിലാകുന്ന പല സംഗതികളുമുണ്ട്. ഏറ്റവും മുഖ്യമായത് പാശ്ചാത്യരാജ്യങ്ങളിലെ കെട്ടുറപ്പില്ലാത്ത കുടുംബവ്യവസ്ഥിതിയും അരക്ഷിതമായ സാമൂഹ്യപശ്ചാത്തലവുമാണ്.

ഊഷ്മളമായൊരു കുടുംബവ്യവസ്ഥിതിയുടെ അഭാവം മൂലം കുട്ടികൾക്ക് അച്ഛനമ്മമാരോടോ, അച്ഛനമ്മമാർക്ക് മക്കളോടോ യാതൊരു ഉത്തരവാദിത്വമോ പ്രതിബദ്ധതയോ ഇല്ലാതായി മാറുന്നു. കുട്ടികളെ നിയന്ത്രിക്കാനോ അവരുടെ പ്രശ്നങ്ങൾ പങ്കുവയ്ക്കാനോ ആരുമില്ലാത്ത അവസ്ഥ അവർ തങ്ങൾക്കു തോന്നിയതുപോലെ ജീവിക്കുന്നു. ഒരു നല്ല സുഹൃത്തോ വഴികാട്ടിയോ ഇല്ലാത്ത ജീവിതം.

സ്വന്തം കുഞ്ഞുങ്ങളെ അടിക്കടി ആലിംഗനം ചെയ്യുന്നവർ സമാധാന പ്രിയരും സംസ്കൃതചിത്തരും ആയിത്തീരുമെന്ന കാര്യം ജയിംസ് പ്രസ്കോട്ട് എന്ന ശാസ്ത്രജ്ഞൻ, ലോകത്തിലെ അമ്പതോളം പ്രാകൃതസംസ്കാര ങ്ങളെക്കുറിച്ചു നടത്തിയ പഠനത്തിൽ അനുമാനിക്കുന്നുണ്ട്. അമേരിക്കൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്തിന്റെ സ്ഥാപകനായി രുന്നു പ്രെസ്കോട്ട്. ക്രൂരവും ഹിംസാത്മകവും ആയ ഒട്ടേറെ ആചാരാനു ഷ്ഠാനങ്ങളുള്ള സംസ്കാരങ്ങളെ നിരീക്ഷിച്ചതിൽ, ശത്രുക്കളെ കൊല ചെയ്യുന്നതിലും മർദ്ദിച്ച് അംഗഹീനരാക്കുന്നതിലും സന്തോഷിക്കുന്ന വർ ഗക്കാർ കാലക്രമത്തിൽ അതിക്രൂരരായി മാറുന്നതായി തെളിയിക്ക പ്പെട്ടി രിക്കുന്നു. ചില സംസ്കാരങ്ങളിൽ വാത്സല്യമെന്തെന്നറിയാതെ വളരുന്ന കുട്ടികൾ ചെറിയ കുറ്റങ്ങൾക്കുപോലും അതിക്രൂരമായ ശിക്ഷ അനുഭവി ക്കാറുണ്ടായിരുന്നു. മുതിർന്നപ്പോൾ ഈ കുട്ടികളും കൊടുംക്രൂരരായി മാറി. ബ്രിട്ടനിൽ ചില സ്ഥലങ്ങളിൽ പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളിൽ കോഴികളെ എറിഞ്ഞു കൊല്ലുക, പൂച്ചകളെ ജീവനോടെ ചുട്ടെരിക്കുക, പട്ടികളെ കെട്ടിയിട്ടു മുറിവേല്പ്പിക്കുക തുടങ്ങിയ ക്രൂരവിനോദങ്ങളിൽ ഏർപ്പെട്ടിരുന്ന കുട്ടികൾക്ക് പില്ക്കാലത്ത് ചോര മരവിപ്പിക്കുന്ന ക്രൂരകൃത്യ ങ്ങൾ ചെയ്യാൻ ഒരു മടിയുമില്ലാതായത്രേ.

ലോകമെമ്പാടും, വികസിത വികസ്വര രാഷ്ട്രങ്ങളിലെ ചേരികളിലും തെ രുവോരങ്ങളിലും അധിവസിക്കുന്ന കോടിക്കണക്കിനു കുട്ടികൾ അവഗണ നയുടെ ചുറ്റുപാടുകളിൽ അക്രമവാസന ഉള്ളവരായിത്തീർന്നില്ലെങ്കിലേ അത്ഭുതമുള്ളൂ. ഉപഭോഗസംസ്കാരത്തിന്റെയും അക്രമവും സെക്സും കൊടികുത്തി വാഴുന്ന ദൃശ്യമാധ്യ മങ്ങളുടെയും ജീർണ്ണിച്ച ഗൃഹാന്തരീക്ഷ ത്തിന്റെയും ബലിയാടുകളായി ഇടത്തരക്കാരിൽനിന്നും സമ്പന്നരിൽനിന്നും ഒരു പുതിയ വിഭാഗം കുട്ടികൾ, ഈ തെരുവുബാല്യങ്ങൾക്കൊപ്പം ചേരുന്നു.

സമൂഹത്തിൽ എവിടെ നോക്കിയാലും കാണുന്നത് അധഃപതിച്ച മൂല്യങ്ങ ളുടെ പേക്കൂത്തുകളാണ്. അക്രമത്തെ സേവിക്കുന്ന ജേതാക്കൾ, പണത്തെ ആരാധിക്കുന്ന നേതാക്കൾ, കൊടും കുറ്റവാളികളെ സംരക്ഷിച്ച് അവർക്ക് ഓശാന പാടുന്ന സമൂഹത്തിലെ ഉന്നതർ. ഇതിനെയെല്ലാം മഹത്വവല്ക്കരി ക്കുന്ന സിനിമയും മാധ്യമങ്ങളും പലയിടത്തും നിറഞ്ഞു നില്ക്കുകയാണ്. അടുത്തിടെ നടന്ന കുട്ടികളുടെ ക്രൂരകൃത്യങ്ങൾ മനഃസാക്ഷിയുള്ള ആരെ യും നടുക്കുന്നതാണ്. യുപി. ക്ലാസ്സിൽ പഠിക്കുന്ന മൂന്ന് ആൺകുട്ടികൾ തങ്ങളുടെ ക്ലാസിലെതന്നെ പെൺകുട്ടിയെ ബലാത്സംഗം ചെയ്ത്, കല്ലു കൊണ്ടു തലയ്ക്കിടിച്ചു കൊന്നു. ന്യൂയോർക്കിൽ, ഒരു സ്ത്രീയെ മകന്റെ സഹപാഠികൾ തട്ടിക്കൊണ്ടുപോയി കൊന്ന്, ഒരുലക്ഷം ഡോളർ തട്ടിയെടുത്തു.

യൂറോപ്പിലും അമേരിക്കയിലും കുട്ടികൾ നടത്തിയ ഒരു ഡസനോളം വെടി വയ്പുകൾ. എന്നിങ്ങനെ നിരവധി അക്രമസംഭവങ്ങൾ. കുട്ടികൾ ചെയ്യുന്ന കുറ്റകൃത്യങ്ങൾ മിക്കവാറും അവർ കാണാറും നിരീക്ഷിക്കാറുമുള്ള വിനോദ പരിപാടികളുമായി ബന്ധപ്പെട്ടവയാണെന്ന്, ഈയിടെ ഒരു സംഘം ജർമ്മൻ ശാസ്ത്രജ്ഞർ നടത്തിയ പഠനത്തിൽ വ്യക്തമാകുന്നുണ്ട്.

ആയുധങ്ങളുടെ ലഭ്യത അതു പ്രയോഗിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്നു എന്നു വേണം കരുതാൻ. അമേരിക്കയിൽ ചെറുതും വലുതുമായ മൂന്നോ നാലോ തോക്കുകൾ ഇല്ലാത്ത വീടില്ല. ആയുധം വാങ്ങലും വില്ക്കലുമെല്ലാം അവിടെ വളരെ വളരെ എളുപ്പത്തിൽ നടക്കും. മിക്ക നാടുകളിലെയും സ്ഥിതി ഇതുതന്നെയാണ്. പിന്നെ കുട്ടികൾ എങ്ങനെ അതുപയോഗിക്കാതിരിക്കും?

ഒരു അമേരിക്കൻ മനഃശാസ്ത്രസംഘത്തിന്റെ കണ്ടെത്തൽ ശ്രദ്ധേയമാണ്. തങ്ങളുടെ ഗവേഷണത്തിൽ ശരാശരി അമേരിക്കൻ ശിശു ഒരു വർഷത്തിൽ ഒരു ലക്ഷത്തിലധികം അക്രമദൃശ്യങ്ങളും പതിനായിരത്തിലധികം കൊലപാതകദൃശ്യങ്ങളും കൗമാരപ്രായമെത്തുന്നതിനുമുമ്പ് കാണുന്നുണ്ടെന്ന് കണ്ടെത്തി. കുട്ടികൾ ഇത്രയധികം അക്രമദൃശ്യങ്ങൾ കാണാതിരിക്കണമെങ്കിൽ രക്ഷിതാക്കൾ അവരോടൊത്ത് കൂടുതൽ സമയം ചിലവഴിക്കേണ്ടതുണ്ട്. കൂടാതെ ഇലക്ട്രോണിക് മാധ്യമങ്ങളെ സർക്കാർ കൂടുതൽ കർശനമായ നിയന്ത്രണങ്ങൾക്കു വിധേയമാക്കുകയും വേണം. ക്ലാസ്സ്റൂമുകളിൽ നിന്നുള്ള ബോധവൽക്കരണമാണ് മറ്റൊരു മാർഗ്ഗം.


# FINEX
## Electricals & Sound

**Olarikkara, Thrissur Pin - 680 012**
**Phone : 0487 - 23621976, Res : 2366490, Mob : 9847867312**

**Sound Systems, Generators,**
**I KVA-125 KVA, Illumination, ETC.....**

# വടക്കുനോക്കിയന്ത്രം വീണ്ടും



**ബാബു കുരിയൻ തേറാട്ടിൽ**
റിട്ട. ഡെപ്യൂട്ടി ജനറൽ മാനേജർ
കനറാ ബാങ്ക്

നമുക്ക് എല്ലാവർക്കും വളരെ അഭിമാനിക്കാവുന്ന തരത്തിൽ ഈ കൊച്ചുകേരളം പല മേഖലകളിലും മുൻപന്തിയിലാണല്ലോ. പ്രത്യേകിച്ച് വിദ്യാഭ്യാസം, ചികിത്സാകേന്ദ്രങ്ങൾ, ആളോഹരിവരുമാനം, യാത്രാസൗകര്യങ്ങൾ, ബാങ്കിംഗ് സ്ഥാപനങ്ങൾ, ജലലഭ്യത, മതസൗഹാർദം, സമാധാനാന്തരീക്ഷം തുടങ്ങിയവയിലെല്ലാം ഇവിടം ഒരു സ്വർഗ്ഗമാണ്. ഇത് കൂടുതൽ മനസ്സിലാക്കണമെങ്കിൽ നാം മറ്റു സംസ്ഥാനങ്ങളിൽ യാത്ര ചെയ്യുകയോ താമസിക്കുകയോ ചെയ്തിട്ടുണ്ടാകണം.

എങ്കിലും ഇതിന്റെയെല്ലാം ഗുണമേന്മകൾ മാറ്റുകുറച്ചു കാണിക്കുന്ന രീതിയിൽ ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഇവിടെയും ഉണ്ടാകുന്നത് കാണാം. വിദ്യാഭ്യാസത്തിനും സാക്ഷരതയ്ക്കും പ്രബുദ്ധതയ്ക്കും ഇത്രമേൽ പ്രാധാന്യമുള്ളപ്പോൾ ചില അന്ധവിശ്വാസങ്ങൾ അഥവാ യുക്തിക്ക് നിരക്കാത്ത കാര്യങ്ങൾ സംഭവിക്കുന്നത് വേദനാജനകംതന്നെ. പ്രത്യേകിച്ച് സ്വത്തിനും മറ്റുപലതിനും വേണ്ടി മനുഷ്യജീവൻവരെ ബലികൊടുക്കുക, അതും സ്വന്തം മക്കളെപ്പോലും എന്ന അവസ്ഥ ഭയാനകം മാനം. അന്ധവിശ്വാസങ്ങൾക്കെതിരെ പോരാടുവാനായി നമ്മളെല്ലാവരും ജാഗരൂകരായിരിക്കണം. പ്രത്യേകിച്ച് നമ്മുടെ വരുംതലമുറയെ അതിന് പ്രാപ്തരാക്കുകയും വേണം.

വിവിധ സർക്കാർ തലങ്ങളിൽ അന്ധവിശ്വാസങ്ങൾക്കെതിരെ നിയമപരമായി പോരാടുവാൻ ചില നിയമനിർമ്മാണങ്ങൾ പലപ്പോഴും ചർച്ചയായിട്ടുണ്ട്. എങ്കിലും വിശ്വാസവും അന്ധവിശ്വാസവും വേർതിരിക്കുന്ന അതിർവരമ്പ് വളരെ നേർത്തതും വ്യക്തമല്ലാത്തതുമൂലവും നിയമം നടപ്പാക്കുവാൻ പ്രായോഗികമായ ബുദ്ധിമുട്ടുകൾ ധാരാളമായിയുണ്ട്. ഞാൻ ജോലി ചെയ്തിരുന്ന തൃശൂർ ജില്ലയിലെ ഒരു ശാഖയിൽ ഉണ്ടായിരുന്ന രണ്ടു ജീവനക്കാരുടെ കാര്യം ഓർമ്മവരുന്നു. സൗകര്യത്തിനുവേണ്ടി അവരെ നമുക്ക് വേലപ്പൻ എന്നും ശശാങ്കൻ എന്നും വിളിക്കാം. കുറേ കാലമായി അവർ

തമ്മിൽ നല്ല സ്വരച്ചേർച്ചയിൽ ആയിരുന്നില്ല. തമ്മിൽ ചിരിക്കുകയോ സംസാരിക്കുകയോ ചെയ്യില്ല. പ്രത്യേകിച്ച് ശശാങ്കന് വേലപ്പനോട് ഒരുതരം വൈരാഗ്യം തന്നെയുണ്ടായിരുന്നു. കൂടാതെ തനിക്കോ കുടുംബത്തിൽ ആർക്കെങ്കിലുമോ എന്തെങ്കിലും അസുഖമോ മറ്റുവല്ല ബുദ്ധിമുട്ടോ ഉണ്ടായാൽ അതിനു കാരണം വേലപ്പന്റെ ചില പ്രവർത്തികളാണെന്ന ഒരു തെറ്റിദ്ധാരണയും ശശാങ്കനുണ്ടായിരുന്നു. വേലപ്പൻ അങ്ങിനെയൊന്നും ചെയ്യില്ലെന്നു പലതവണ മറ്റുള്ളവർ ശശാങ്കനെ ധരിപ്പിക്കാൻ ശ്രമിച്ചെങ്കിലും ഫലം കണ്ടില്ല.

നമ്മൾ ആരെങ്കിലും ഇതിലൊരാളുമായി സംസാരിച്ചാൽ മറ്റേ ദേഹത്തിന് സംശയം തോന്നും. അതുകൊണ്ട് മറ്റു ജീവനക്കാരും കുറച്ച് ജാഗ്രതയോടെ മാത്രമേ ഇവരോട് ഇടപെടിരുന്നുള്ളു. മൂന്നുമാസം കൂടുമ്പോഴുള്ള സെക്ഷൻ അലോട്ടമെന്റ് വേളയിൽ മാനേജർമാരും ജാഗരൂകരായിരുന്നു. അതായത് രണ്ടുപേരെയും ഒരിക്കലും ഒരേ സെക്ഷനിലോ അടുത്തടുത്ത സെക്ഷനിലോ അലോട്ട് ചെയ്യാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ഒരിക്കൽ ശശാങ്കൻ കാര്യമായ ഒരു അസുഖം ബാധിച്ച് കുറച്ച് ദിവസങ്ങൾ ആശുപത്രിയിലായി. ആയിടക്ക് ഞാനൊരിക്കൽ അദ്ദേഹത്തെ കാണുവാൻ ആശുപത്രിയിൽ പോകുമ്പോൾ വേലപ്പൻ എനിക്ക് കുറച്ച് പണം തന്നിട്ട് പറഞ്ഞു: – ''താൻ ഇതുകൊണ്ടുപോയി ശശാങ്കന് കൊടുക്കൂ. അവന് ഇപ്പോൾ പണത്തിന്റെ ആവശ്യം കാണും. ഞാൻ തന്നതാണെന്ന് പറയേണ്ട. അപ്പോൾ ഒരുപക്ഷേ അവൻ വാങ്ങില്ല. അതുകൊണ്ട് താൻ കൊടുക്കുന്നതാണെന്ന് പറഞ്ഞാൽ മതി.'' അത് കേട്ടപ്പോൾ എനിക്ക് കുറച്ച് സങ്കടവും ഒരുപാട് സന്തോഷവും തോന്നി. കാരണം ഒരു വിഷമം വന്നപ്പോൾ കൂട്ടുകാരനെ സഹായിക്കാൻ വേലപ്പൻ കാണിച്ച ഉത്സാഹം പ്രശംസനീയമായിരുന്നു.

ഇവരുടെ ഈ ശീതസമരം പരിധി വിട്ടുപോകുമോയെന്ന് എല്ലാവരും ഭയപ്പെട്ടിരുന്നു. ഇതിന് ഒരു സമാധാനം കാണുവാൻ എന്ത് ചെയ്യണം എന്ന് പലരും ചിന്തിച്ചു. അവസാനം ശാഖയിലെ ഏറ്റവും മുതിർന്ന അംഗങ്ങളിൽ ഒരാളായ സുരേഷ് അതിനൊരു പോംവഴി കണ്ടെത്തി. വേലപ്പനെ വിളിച്ചുകൊണ്ടുപോയി അടുത്തുള്ള പ്രസിദ്ധമായ ഒരു ക്ഷേത്രത്തിന്റെ നടയിൽ വെച്ച് സത്യം ചെയ്യിക്കുക. അതായത് ശശാങ്കനെതിരെ താൻ യാതൊരുവിധ കുൽസിതപ്രവർത്തികളോ ആഭിചാരക്രിയകളോ ചെയ്യുന്നില്ല എന്ന് ആണയിട്ട് സത്യംചെയ്യുക. അപ്രകാരം ചെയ്താൽ ശശാങ്കൻ പിന്നിട് വേലപ്പനെ സംശയിക്കുന്നത് അവസാനിപ്പിക്കും എന്നുതോന്നി. ഇക്കാര്യം അവർ രണ്ടുപേരോടും സുരേഷ് പറഞ്ഞ് ഒരുവിധം സമ്മതിപ്പിച്ചു. പറഞ്ഞതുപോലെ ഒരു അവധിദിവസം പുലർച്ചെതന്നെ വേലപ്പൻ ആ ക്ഷേത്രനടയിൽ എത്തി. സത്യം ചെയ്യുന്നുണ്ടോയെന്ന് നോക്കാൻ സുരേഷും കൂടെപോയിരുന്നു.

പ്രസിദ്ധമായ ആ ക്ഷേത്രനടയിൽവെച്ച് അവിടുത്തെ പ്രതിഷ്ഠ സാക്ഷിയായി ദൈവനാമത്തിൽ വേലപ്പൻ മനസ്സ് തുറന്ന് സത്യം ചെയ്തു.

തന്റെ സുഹൃത്തായ ശശാങ്കനെതിരെ ഇത്തരം ആഭിചാരക്രിയകൾ ഒന്നും ചെയ്തിട്ടില്ല എന്ന് വേലപ്പൻ ആണയിടുപറഞ്ഞു. സുരേഷ് അതിന് സാക്ഷിയുമായി. എന്നാൽ ഇവർ രണ്ടുപേരും അറിയാതെ ശശാങ്കനും ക്ഷേത്രനടയിൽപോയി ഒരു സ്ഥലത്ത് മറഞ്ഞിരുന്ന് ഇത് കണ്ടിരുന്നു. പിറ്റേന്ന് ബാങ്കിൽ വന്നപ്പോൾ സുരേഷ് വളരെ സന്തോഷത്തോടുകുടി തലേന്ന് നടന്ന കാര്യങ്ങൾ ശശാങ്കനെ അറിയിച്ചു. എന്നിട്ട് ഇനിമേലിൽ വേലപ്പനെ ഒരു കാരണവശാലും സംശയിക്കുകയോ ദേഷ്യപ്പെടുകയോ ചെയ്യേണ്ടതില്ലെന്ന് അഭ്യർത്ഥിച്ചു. പക്ഷേ ശരാങ്കൻ പറഞ്ഞത് മറ്റൊന്നാണ്.

'എടോ സുരേഷേ, ഞാനും അവിടെ വന്ന് എല്ലാം കണ്ടിരുന്നു. പക്ഷേ താൻ അയാളുടെ ധൈര്യം നോക്കടോ........ ഇത്രയൊക്കെ ചെയ്തിട്ടും അമ്പലനടയിൽ വെച്ച് കള്ളസാക്ഷി പറഞ്ഞ് ഒന്നുമറിയാത്തവനെപ്പോലെ അയാൾ നടക്കുന്നതുകണ്ടോ !'

ശ്രീനിവാസന്റെ പ്രസിദ്ധമായ 'വടക്കുനോക്കിയന്ത്രം' എന്ന സിനിമയുടെ അവസാനഭാഗമാണ് ഇതുകേട്ടപ്പോൾ എന്റെ മനസ്സിൽ തെളിഞ്ഞുവന്നത്.....!

---

# കുടുംബ കൂട്ടായ്മ
## വാർത്തകൾ

**04.01.2026 ലെ കേന്ദ്രസമിതി തീരുമാനങ്ങൾ**

1. കുടുംബ കൂട്ടായ്മ യോഗങ്ങൾ ഞായറാഴ്ചകളിൽ പഴയതുപോലെ രണ്ട് യൂണിറ്റുകളിൽ നടത്തുവാൻ തീരുമാനിച്ചു. കൂടുതൽ സൗകര്യാർത്ഥം അടുത്തടുത്തുള്ള യൂണിറ്റുകളിലായി യൂണിറ്റ് മീറ്റിംഗുകൾ ക്രമപ്പെടുത്തി.
2. ഇടവകയിലെ ക്ഷേമനിധിയിൽനിന്നുള്ള സഹായങ്ങൾ നമ്മുടെ ഇടവകയിൽ ചേർന്നിട്ടുള്ളതും ഇടവകയുടെ പ്രർത്തനങ്ങളിൽ സഹകരിക്കുന്നതുമായവർക്കും മാത്രമേ നൽകേണ്ടതുള്ളൂ എന്ന് തീരുമാനിച്ചു. അക്രൈസ്തവർക്കും ഇടവക ചേരാത്തവർക്കുമുള്ള സഹായങ്ങൾക്ക് മറ്റ് സ്രോതസ്സുകൾ വികാരിയച്ചൻ വിശദീകരിക്കുകയും അത് വിശദമായി പരീഷ് ബുള്ളറ്റിനിൽ പബ്ലിഷ് ചെയ്യുകയും ചെയ്യും.
3. ക്ഷേമനിധിയുടെ കണക്കുകൾ മാസാമാസം പ്രസിദ്ധപ്പെടുത്തും.

# ബാലപംക്തി

## വാഴ്ത്തപ്പെട്ട ചാവറയച്ചൻ




1841-ൽ ജനുവരി 16-ന് പാലയ്ക്കൽ തോമാ മല്പാൻ അന്ത്യശ്വാസം വലിച്ചു.
1844-ൽ പോരൂക്കരയച്ചനേയും ചാവറയച്ചനേയും കേരള സഭയുടെ മല്പാന്മാരായി പ്രഖ്യാപിച്ച് ഫ്രാൻസിസ് സേവ്യർ മെത്രാൻ അവരോടുള്ള മതിപ്പും വിശ്വാസവും പ്രകടിപ്പിച്ചു.
നമുക്ക് ദൈവത്തോടു നന്ദിപറയാം. ഇതും ഒക്കെയെല്ലാം നിശ്ചയങ്ങളാണല്ലോ?
അച്ചടിവിദ്യയുടെ പ്രാധാന്യം അറിഞ്ഞിരുന്ന ചാവറയച്ചൻ സ്വന്തമായി ഒരു പ്രസ്സുണ്ടായിക്കാണുവാനാഗ്രഹിച്ചു. കോട്ടയത്ത് അന്നു പ്രവർത്തിച്ചിരുന്ന ഒരു പ്രസ്സ് കാണാൻ ചാവറയച്ചൻ ചെന്നെങ്കിലും അതിന്റെ ഉടമകൾ അതിനനുവദിച്ചില്ല. ചാവറയച്ചൻ തിരുവനന്തപുരത്തെത്തി സർക്കാർ വക പ്രസ്സുകണ്ടു മടങ്ങി.
അതിന്റെ മാതൃക വാഴപ്പിണ്ടിയിൽ ഉണ്ടാക്കി അതു പോലൊന്നു പണിയാൻ ഒരു പാണ്ടിത്തട്ടാനെ ഏൽപ്പിച്ചു.
അതാണ് തിരുവിതാംകൂറിന്റെ ചരിത്രത്തിലെ മൂന്നാമത്തെ അച്ചടിയന്ത്രം

തുടരും

വസ്ത്രങ്ങൾക്കും
റെഡിമെയ്ഡ് ഡ്രസുകൾക്കും



# സുവർണ്ണ



മുൻസിപ്പൽ ഷോപ്പിംഗ് സെന്റർ
പടിഞ്ഞാറെ കോട്ട, തൃശ്ശൂർ

**Ph : 2381588, Mob : 9895086914**



നിങ്ങളുടെ സ്വപ്നങ്ങൾ
'സുവർണ്ണയിൽ'ക്കൂടി
യാഥാർത്ഥ്യമാക്കൂ.

BIBLE QUIZ

Quiz Digest

# Season III Seniors Quiz - 10

## 2 സാമുവൽ 6 – 10 ഉൾപ്പടെ അദ്ധ്യായങ്ങൾ
## കത്തോലിക്കസഭ, ആൻസ് ഡൈജസ്റ്റ് – ജനുവരി



ക്വിസ് മാസ്റ്റർ
**ജോളി കുരിയാക്കോസ്**

1. 'അല്ലോസ്' എന്ന ഗ്രീക്ക് പദത്തിനർത്ഥം എന്ത്?
2. നാസീർ വ്രതക്കാരനായ ബൈബിൾ കഥാപാത്രം ആര്?
3. സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് എന്ന സന്യാസിനി സമൂഹ സ്ഥാപകൻ ആര്?
4. പേടകത്തിനു നേരെ കൈനീട്ടിയതിനാൽ മരിച്ചുവീണത് ആര്?
5. ദാവീദിന്റെ സൈന്യാധിപൻ ആര്?
6. 'ക്രിസ്തുമസ് കരോൾ' ആരുടെ കൃതിയാണ്?
7. വി. ഡോൺബോസ്ക്കോ സ്ഥാപിച്ച സഭ ഏത്?
8. കർത്താവിന്റെ പേടകം ഭയം നിമിത്തം ദാവീദ് ആദ്യം സ്ഥാപിച്ചത് എവിടെയാണ്?
9. ജോനാഥന്റെ മുടന്തനായ മകൻ ആരായിരുന്നു?
10. തനിക്കു വസിക്കുവാൻ ആലയം പണിയുവാൻ ഏത് പ്രവാചകനോടായിരുന്നു ദൈവം ആവശ്യപ്പെട്ടത്?

### ക്വിസ് 8 ഉത്തരങ്ങൾ

1. വി. മാർഗരറ്റ് രാജ്ഞി
2. സെ. കാർലോ ചർച്ച്, പള്ളിക്കര
3. കുടുംബസംരക്ഷകൻ
4. മംഗളവാർത്താക്കാലം
5. യാബെഷിൽ
6. ഫിലിസ്ത്യരുടെ കരങ്ങളിൽ
7. ഗിൽബോവാകുന്നിൽ
8. റാമായിൽ, 9. സാമുവൽ
10. ഗിൽബോവായിൽ or ഇസ്രേലിലുള്ള നീർച്ചാലിനടുത്ത്

### ക്വിസ് 9 ഉത്തരങ്ങൾ

1. നിഷ്പാദുക കർമ്മലീത്ത സഭ
2. റിസ്പാ
3. മെറിബോഷെത്ത്
4. അസഹേലിനെ
5. ഗുരു ഗ്രന്ഥ്സാഹിബ്
6. അർണോസ് പാതിരി
7. ഹെബ്രോണിലേക്ക്
8. യാഷാറിന്റെ പുസ്തകത്തിൽ
9. റഫായിം
10. മനാസ്സെ

### സീസൺ 3 ക്വിസ് 9 വിജയികൾ 10/10

1. റോസി ഫ്രാൻസിസ്
2. ഫെമി ആന്റണി
3. മേഴ്സി പോൾ
4. ബീന മോഹൻ
5. സിസിലി സി.ഡി.
6. ഷീല ഡേവിസ്
7. ഡേവിസ് ഇ.ജി.
8. ബിജു പൗലോസ്
9. മാഗി വർഗ്ഗീസ്
10. റോസിലി ഫ്രാൻസിസ്
11. അൽഫോൻസ ഡോൾഫി

**NB: ഫെബ്രുവരി 23ന് മുൻപ് ഉത്തരങ്ങൾ ലഭിക്കേണ്ടതാണ്**




# Season II Junior's Quiz - 10

## For Catechism students (1st. Std to ACC)

### 1 കോറി 13 – 16 വരെ അദ്ധ്യായങ്ങൾ

### കത്തോലിക്കസഭ, ഡൈജസറ്റ് – ജനുവരി

1. എന്താണ് സർവ്വോത്കൃഷ്ടം?
2. നമ്മുടെ അവസാന ശത്രു ആരാണ്?
3. പന്തക്കുസ്താവരെ ശ്ലീഹ എവിടെ താമസിക്കുമെന്നാണ് എഴുതപ്പെട്ടിരിക്കുന്നത്?
4. 'വിശുദ്ധിയിലേക്കൊരു രഹസ്യം' ലേഖനത്തിന്റെ കർത്താവ് ആര്?
5. ഈ വർഷത്തെ അച്ചടി മാധ്യമ അവാർഡ് ആർക്കാണ് ലഭിച്ചത്?
6. നാസിർ വ്രതക്കാരനായ ബൈബിൾ കഥാപാത്രം ആര്?
7. ആരാണ് സഭയ്ക്ക് അഭിവൃദ്ധി ഉണ്ടാക്കുന്നവർ?
8. ഭാഷാവരമുള്ളവൻ ആരോടാണ് സംസാരിക്കുന്നത്?
9. പാപത്തിന്റെ ശക്തി .............വുമാണ്
10. ഡോൺ ബോസ്ക്കോ പ്രസിദ്ധീകരിച്ച പത്രം ഏതാണ്?

**ക്വിസ് 8 ഉത്തരങ്ങൾ**

1. ദൈവരാജ്യം
2. ശാന്തിയിലാണ്
3. നമ്മുടെ ശരീരം
4. ദൈവകല്പനകൾ പാലിക്കുക
5. ക്രിസ്തു, 6. നവോമി
7. പള്ളിക്കൂദാശകാലം
8. പാലക്കൽ തോമാ മല്പാൻ
9. Special Intensive Revision
10. കേരളത്തിലെ മാഹി

**ക്വിസ് 9 ഉത്തരങ്ങൾ**

1. അർണോസ് പാതിരി
2. കർത്താവിന്റെ മരണം പ്രഖ്യാപിക്കുന്നു.
3. പ്രലോഭനങ്ങൾ
4. ഹന്ന
5. ധാന്യം മെതിക്കുന്ന കാളയുടെ വായ് മൂടി കെട്ടരുത്
6. ക്രിസ്തു, 7. സ്വാതന്ത്ര്യം, 8. മനാസെ
9. അഹംഭാവത്തിന് വകയില്ല or കടമയാണ്
10. Guru granth Sahib

**സീസൺ 2 ക്വിസ് 8 വിജയികൾ 10/10**

10/10 ലഭിച്ചവർ
1. Joan Maria John
2. ജോമിൻ ജോൺ
3. അന്ന ജോൺ
4. തെരേസ ജോൺ

9/10 ലഭിച്ചത് ഇവ മരിയ ഷിന്റോ

8/10 ലഭിച്ചവർ
1. ലിയാം ജോസഫ്
2. ലിയാൻ തോമസ്
3. തെരേസ റോസ്

**NB: ജൂനിയർ ക്വിസ്സിൽ കൂടുതൽ കൂട്ടുകാർ പങ്കെടുക്കാൻ ശ്രദ്ധിക്കണേ.**

**ഉത്തരം പൂരിപ്പിച്ച് പങ്കെടുക്കുന്ന വിദ്യാർത്ഥികൾ**

**പേര്, ക്ലാസ് , കുടുംബകൂട്ടായ്മയുടെ പേര്, ഫോൺ നമ്പർ എന്നിവ എഴുതേണ്ടതാണ്.**

**NB: ഫെബ്രുവരി 23ന് മുൻപ് ഉത്തരങ്ങൾ ലഭിക്കേണ്ടതാണ്**

# കളറിംഗ് മത്സരം



പേര്..........................................................................ക്ലാസ്................................

കുടുംബകൂട്ടായ്മ..........................................ഫോൺ......................................

**പങ്കെടുക്കേണ്ട വിഭാഗങ്ങൾ 1. LKG & UKG, 2. LP , 3. UP,**

## മത്സര വിജയികൾ

| LKG & UKG | LP | UP |
|---|---|---|
| | **Ist മരിയ ജോൺ തറയിൽ**<br>സെന്റ് ആൻസ്<br>**IInd ദിയ റോസ് ജിംസൺ കെ.**<br>സെന്റ്. സേവ്യർ | **Ist ജോമിയ ടി. എസ്**<br>സെന്റ് ഗോൺസാല<br>**IInd സെറ ചാച്ചു**<br>സെന്റ്. ആന്റണീസ് |

# ബൈബിൾ വായനകൾ



## ഫെബ്രുവരി - 2026

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **1**<br>ലേവ്യ 4:13–21<br>ദാനി 9:1–9<br>കൊളോ 1:12–19<br>മർക്കോ 2:1–12 | **2**<br>കൊളോ 2:16–19<br>മത്താ 12:1–8 | **3**<br>ശ്ലീഹ 5:12–20<br>മത്താ 12:9–14 | **4**<br>ഗലാ 3:7–14<br>യോഹ 5:1–18<br>1 കോറി 9:19–23<br>യോഹ 15:18–25 | **5**<br>റോമാ 2:25–29<br>മത്താ 12:15–21 | **6**<br>1 രാജാ 4:29–34<br>ജ്ഞാനം 7:22–30<br>1 കോറി 1:18–29<br>യോഹ 12:20–26 | **7**<br>റോമാ 13:8–14<br>ലൂക്കാ 10:25–37 |
| **8**<br>പുറ 20:1–17<br>എസെ 11:14–21<br>കൊളോ 3:5–14<br>മത്താ 5:17–26 | **9**<br>കൊളോ 2:16–19<br>മത്താ 12:1–8 | **10**<br>ശ്ലീഹ 5:12–20<br>മത്താ 12:9–14 | **11**<br>ഗലാ 3:7–14<br>യോഹ 5:1–18 | **12**<br>റോമാ 2:25–29<br>മത്താ 12:15–21 | **13**<br>നിയ 30:15–20<br>സുഭാ 15:19–25<br>വെളി 20:11–15<br>യോഹ 5:19–29 | **14**<br>വെളി 7:11–17<br>യോഹ 7:32–39 |
| **15**<br>പുറ 24:12–18<br>പ്രഭാ 2:1–11<br>ഹെബ്രാ 2:10–18<br>ലൂക്കാ 4:1–13 | **16**<br>ഉത്പ 3:1–13<br>ജ്ഞാനം 12:16–20<br>റോമാ 12:1–8<br>മത്താ 21:28–32 | **17**<br>1 രാജാ 8:41–50<br>നെഹെ 8:17–9:3<br>ശ്ലീഹ 8:14–25<br>മർക്കോ 21:28–32 | **18**<br>മലാ 2:1–9<br>ശ്ലീഹ 5:1–11<br>യാക്കോ 4:1–10<br>മത്താ 18:1–10 | **19**<br>1 മക്ക 2:49–61<br>ജോബ് 23:8–14<br>1 തെസ 2:17–35<br>ലൂക്കാ 22:24–30 | **20**<br>പ്രഭാ 44:19–23<br>ജെറെ 17:5–10<br>യാക്കോ 1:12–18<br>ലൂക്കാ 22:24–30 | **21**<br>2 കോറി 2:5–11,<br>ലൂക്കാ 15:11–24 |
| **22**<br>ഉല്പ 13:1–13<br>പ്രഭാ 31:1–11<br>1 തിമോ 6:3–10<br>ലൂക്കാ 19:1–10 | **23**<br>യാക്കോ 2:1–9<br>ലൂക്കാ 16:19–31 | **24**<br>യാക്കോ 5:1–6<br>ലൂക്കാ 18:18–30 | **25**<br>1 തിമോ 6:17–21<br>ലൂക്കാ 12:13–21 | **26**<br>റോമാ 8:1–6<br>മത്താ 6:19–24 | **27**<br>നിയ 8:11–18<br>പ്രഭാ 29:1–2; 10–13<br>യാക്കോ 1:9–11;4:13–16<br>ലൂക്കാ 14:7–14 | **28**<br>ഫിലി 3:4–11<br>ലൂക്കാ 5:1–11 |


സെന്റ് ആൻസ് ഇടവകയുടെ
യാത്രാമംഗളങ്ങൾ
വികാരി. റവ. ഫാ. പോൾ താണിക്കൽ
വികാരി. റവ. ഫാ. ഫാ.ലിജോ ചിറ്റിലപ്പിള്ളി

Our Sincere Gratitute ForThe Blessings Of ST.ANNES



SINCE 1960

# SAKTHI NETHRA

## OPTICALS & EYE CLINIC

BABAS TOWER , AYYANTOLE CHUNGAM , CIVIL LANE ROAD TRICHUR.4

FOR OUR CUSTOMERS 9.00 AM TO 8.00 PM

FREE COMPUTERISED EYE TESTING

DOCTOR'S TIMING : 4.00 PM TO 6.00 PM

FOR APPOINTMENTS & DRIVING LICENCE CERTIFICATE

PLEASE CALL US :

9809011011 , 9495025011

WWW.SAKTHINETHRA.VISION

nirmala hiprint, tsr 2387393